بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാള്യം
1

വാർഷിക
വരിസംഖ്യ
300 രൂപ

ലക്കം
41

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ്
ഇസ്മായീൽ

www.akhbarbadrqadian.in

2016 ഡിസംബർ15/ഹി:ശം:1395 ഫത്ഹ് 15/ഹി:ഖ: 1438 റ:അവ്വൽ 14


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ നവംബർ 11 ന് മസ്ജിദ് ബയ്ത്തുന്നൂർ കൽഗരി, കാനഡയിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**അഹ്മദ് ബേഗിന്റെ ജാമാതാവിനെ സംബന്ധിച്ചുള്ള പ്രവചനവും നിബന്ധനയോടുകൂടിയുള്ളതായിരുന്നുവെന്നു നാം ആവർത്തിച്ച് എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്.**

**ശിക്ഷയെ സംബന്ധിച്ചുള്ള പ്രവചനങ്ങളിൽ അല്ലാഹു അധികാരം ഉൾക്കൊള്ളുന്നുവെന്ന് ഏവർക്കും അറിയുന്നതാണ്. അവയെ ആരുടെയെങ്കിലും വിനയവും എളിമയും കൊണ്ടോ അവൻ സ്വന്തമായ നിലയിലോ മാറ്റി വെക്കുന്നതാണ്.**

**ലോകത്തുള്ള എല്ലാ ജനതകളും ഇക്കാര്യത്തിൽ ഐകകണ്ഠ്യേന യോജിക്കുന്നു. ഭാവിയിൽ വരുന്ന നാശങ്ങൾ അത് പ്രവചനത്തിന്റെ വർണത്തിൽ പ്രകടിപ്പിക്കുകയാണെങ്കിലും കേവലം ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ മറഞ്ഞിരുന്നാലും വേണ്ടില്ല ദാനധർമവും തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് മാറ്റപ്പെടാവുന്നതാണ്. അതുകൊണ്ടാണല്ലോ നാശമുണ്ടാകുന്ന നേരത്ത് ജനങ്ങൾ ദാനധർമങ്ങൾ ചെയ്യുന്നത്. ഇല്ലെങ്കിൽ പാഴ്വേല ആര് ചെയ്യാനാണ്?**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അഹ്മദ് ബേഗിന്റെ ജാമാതാവിനെ സംബന്ധിച്ചുള്ള പ്രവചനവും നിബന്ധനയോടുകൂടിയുള്ളതായിരുന്നുവെന്നു നാം ആവർത്തിച്ച് എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. 'നിബന്ധന' (ശർത്ത്) എന്ന പദങ്ങൾ നാം വിജ്ഞാപനങ്ങളിൽ ആദ്യമേതന്നെ പ്രസിദ്ധീകരിച്ചിരുന്നു...... വെളിപാടുപരമായ ആ വാക്കുകൾ ഇതാണ്: ഇതിൽ സംബോധന ആ സ്ത്രീയുടെ മാതാമഹിയാണ്. അവരെക്കുറിച്ചാണ് ഈ പ്രവചനം. ഒരു തവണ ഞാൻ ഈ ഇൽഹാം മൗലവി അബ്ദുല്ലാ സാഹിബിന്റെ മക്കളിൽനിന്നുള്ള ഒരാളെ ഹോശിയാർപൂർ എന്ന സ്ഥലത്ത് അതു പുലരുന്നതിനുമുമ്പേ കേൾപ്പിച്ചിരുന്നു. അയാളുടെ പേര് അബ്ദുർറഹീം എന്നോ അബ് ദുൽവാഹിദ് എന്നോ ആണ്. ഈ ഇൽഹാമിന്റെ വാക്യത്തിലെ തർജമ ഇപ്രകാരമാണ്. 'അല്ലയോ സ്ത്രീയേ! തൗബ ചെയ്യുക. തൗബ ചെയ്യുക. കാരണം നിന്റെ മകളുടെമേലും മകളുടെ മകളുടെമേലും ഒരു നാശം വരാൻ പോകുന്നു.' ഈ പ്രവചനത്തിൽ അഹ്മദ് ബേഗിനേയും അയാളുടെ ജാമാതാവിനേയും കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ അഹ്മദ് ബേഗ് നിശ്ചിതകാലത്തിനുള്ളിൽ മരിച്ചു.[1] ആ സ്ത്രീയുടെ മകളുടെമേൽ നാശം വന്നു. കാരണം അവർ അഹ്മദ് ബേഗിന്റെ ഭാര്യയായിരുന്നു. അഹ്മദ് ബേഗ് മരിച്ചതോടെ വലിയ ഭയം അയാളുടെ ബന്ധുക്കളിലുമുണ്ടായി. എത്രത്തോളമെന്നാൽ അവരിൽ ചിലർ എളിമയോടും വിനയത്തോടുകൂടി ദുആ ചെയ്യുക എന്ന് പറഞ്ഞ് എനിക്ക് കത്തെഴുതുകയുണ്ടായി. അതുകൊണ്ട് അല്ലാഹു അവരുടെ ഈ ഭയവും ഇത്രത്തോളം എളിമയും വിനയവും കാരണത്താൽ പ്രവചനം പുലരുന്നത് താമസിപ്പിച്ചു. മൗലവി മുഹമ്മദ് ഹുസയ്നേയും അയാളുടെ സുഹൃത്തുക്കളേയും സംബന്ധിച്ച പ്രവചനം അല്ലാഹുവി ന്റെ ഇൽഹാമിൽ എന്തൊന്നാണോ എഴുതപ്പെട്ടത് അതിന് ഒരു തിയതിയും നിശ്ചയിച്ചിരുന്നില്ല. കേവലം എന്റെ ദുആയിൽ എന്റെ സ്വന്തം വാക്കുകളായിരുന്നു അത്. വെളിപാടുപരമായ വാക്കുകളായിരുന്നില്ല. ഇത്രകാലത്തിനുള്ളിൽ അങ്ങനെ ഉണ്ടാകണമെന്നുള്ള ഞാൻ ചെയ്ത ദുആ മാത്രമായിരുന്നു അത്. അല്ലാഹു തന്റെ വഹ്യ്ക്ക് ബാധ്യസ്ഥനാണ്. നമ്മൾ കേണപേക്ഷിക്കുന്നത് അതേപോലെതന്നെ പുലർത്തണമെന്നത് അവന് നിർബന്ധമല്ല. അതുകൊണ്ട് അറബിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവചനത്തിൽ ഇന്ന മാസത്തിലോ വർഷത്തിലോ അപമാനിക്കപ്പെടുമെന്നുള്ള ഒരു കാലനിർണയവും നടത്തിയിരുന്നില്ല.

ശിക്ഷയെ സംബന്ധിച്ചുള്ള പ്രവചനങ്ങളിൽ അല്ലാഹു അധികാരം ഉൾക്കൊള്ളുന്നുവെന്ന് ഏവർക്കും അറിയുന്നതാണ്. അവയെ ആരുടെയെങ്കിലും വിനയവും എളിമയും കൊണ്ടോ അവൻ സ്വന്തമായ നിലയിലോ മാറ്റി വെക്കുന്നതാണ്. എല്ലാ അഹ്ലെ സുന്നത്തുകാരും എന്നല്ല, എല്ലാ പ്രവാചകന്മാരും ഇതിനോട് യോജിക്കുന്നു. കാരണം ശിക്ഷയെ സംബന്ധിച്ചുള്ള പ്രവചനം അല്ലാഹുവിൽനിന്ന് ഒരു നാശം ഒരാൾക്കുവേണ്ടി നിശ്ചയിക്കപ്പെടുന്നു. അത് ദാനധർമങ്ങൾകൊണ്ടും തൗബകൊണ്ടും ഇസ്തിഗ്ഫാർകൊണ്ടും മാറ്റപ്പെടാവുന്നതാണ്. അല്ലാഹു ആ നാശത്തെ തന്റെ അറിവിൽമാത്രം വെക്കുകയും വെളിപാട് മുഖേന തന്റെ ദൂതന് വെളിപ്പെടുത്താതിരിക്കുകയും ചെയ്യുമ്പോൾ, അത് വെറും വിധിക്കപ്പെട്ട ബലാ എന്ന് പറയപ്പെടുന്നു എന്ന വ്യത്യാസം മാത്രം. അത് അല്ലാഹുവിന്റെ ഉദ്ദേശ്യത്തിൽ മറഞ്ഞതായിരിക്കും. തന്റെ വഹ്യ് മുഖേന ഏതെങ്കിലും തന്റെ ദൂതന് ആ നാശത്തെ സംബന്ധിച്ച് അറിവ് നൽകിയാൽ അത് പ്രവചനമായി മാറും. ലോകത്തുള്ള എല്ലാ ജനതകളും ഇക്കാര്യത്തിൽ ഐകകണ്ഠ്യേന യോജിക്കുന്നു. ഭാവിയിൽ വരുന്ന നാശങ്ങൾ അത് പ്രവചനത്തിന്റെ വർണത്തിൽ പ്രകടിപ്പിക്കുകയാണെങ്കിലും കേവലം ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ മറഞ്ഞിരുന്നാലും വേണ്ടില്ല ദാനധർമവും തൗബയും ഇസ്തിഗ്ഫാറുംകൊണ്ട് മാറ്റപ്പെടാവുന്നതാണ്. അതുകൊണ്ടാണല്ലോ നാശമുണ്ടാകുന്ന നേരത്ത് ജനങ്ങൾ ദാനധർമങ്ങൾ ചെയ്യുന്നത്. ഇല്ലെങ്കിൽ പാഴ്വേല ആര് ചെയ്യാനാണ്? ദാനധർമങ്ങളും തൗബയും ഇസ്തിഗ്ഫാറും മുഖേന നാശങ്ങൾ തടയപ്പെടുന്നുവെന്നതിനോടു എല്ലാ നബിമാരും യോജിക്കുന്നു. എനിക്ക് വ്യക്തിപരമായ അനുഭവമുണ്ട്. ചില സമയങ്ങളിൽ അല്ലാഹു എന്നെ സംബന്ധിച്ചോ, എന്റെ മക്കളെ സംബന്ധിച്ചോ അല്ലെങ്കിൽ എന്റെ ഏതെങ്കിലും സുഹൃത്തിനെ സംബന്ധിച്ചോ വരാൻ പോകുന്ന നാശത്തെക്കുറിച്ച് അറിയിക്കുന്നു. അതിനെ തടയുന്നതിന് വേണ്ടി ദുആ ചെയ്യുമ്പോൾ അല്ലാഹുവിൽനിന്ന് നാം ആ നാശത്തെ തടഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടുള്ള രണ്ടാമത്തെ ഇൽഹാം ഉണ്ടാകുന്നു. അതുകൊണ്ട് ഇപ്രകാരം ശിക്ഷ ഉൾക്കൊള്ളുന്ന പ്രവചനം തീർച്ചയായും സംഭവിക്കുമെന്നാണെങ്കിൽ ഞാൻ പലപ്രാവശ്യവും കള്ളനാക്കപ്പെടാവുന്നതാണ്. നമ്മുടെ എതിരാളികൾക്കും ദുഷ്ടചിന്താഗതിക്കാർക്കും ഇത്തരത്തിൽ എന്നെ കളവാക്കാനാണ് താല്പര്യമാണെങ്കിൽ, അവർക്കു ആവശ്യമുണ്ടെങ്കിൽ ഇത്തരത്തിലുള്ള പല പ്രവചനങ്ങൾ ഞാൻ ചെയ്തതും പിന്നീടത് കാലഹരണപ്പെടുത്തിയതും അവർക്ക് അറിയിച്ചുകൊടുക്കുന്നതാണ്. നമ്മുടെ ഇസ്ലാമിക തഫ്സീറുകളിലും ഇപ്രകാരംതന്നെ ബൈബിളിലും

(ശേഷം പേജ് 8ൽ)

(1) അഹ്മദ് ബേഗിന്റെ ജാമാതാവിനെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറയുന്നവർ ആ പ്രവചനത്തിന്റെ ഒരു ഭാഗം പൂർത്തിയായികഴിഞ്ഞുവെന്ന് ഒരിക്കലും പറയാത്തതു കാണുമ്പോൾ അത്ഭുതം തോന്നുന്നു. കാരണം അഹ്മദ് ബേഗ് നിശ്ചിത കാലാവധിക്കുള്ളിൽ മരിച്ചു. അവരിൽ അല്പമെങ്കിലും വിശ്വസ്തതയുണ്ടെങ്കിൽ, ഈ പ്രവചനത്തിന്റെ രണ്ടു ഭാഗങ്ങളിൽ ഒരു ഭാഗം പൂർത്തിയായിക്കഴിഞ്ഞു എന്നാണ് പറയേണ്ടിയിരുന്നത്. അതായത് രണ്ട് കാലുകളിൽ ഒന്ന് ഒടിഞ്ഞുപോയി. എന്നാൽ, പക്ഷപാതം ഒരത്ഭുതകരമായ നാശമാണ്. നീതിയുടെ വാക്കിനെ നാവിൽ കൊണ്ടുവരാൻ അതനുവദിക്കുകയില്ല.

2. വിശുദ്ധഖുർആനിൽ അവിശ്വാസികളേയും ബഹുദൈവ വിശ്വാസികളേയും ശിക്ഷിക്കുന്നതിന് ആവർത്തിച്ചാവർത്തിച്ച് ശാശ്വത നരകമെന്നാണ് പറഞ്ഞിട്ടുള്ളത്. ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു, ഖാലിദീന ഫീഹാ അബദ. എന്നിട്ടും വിശുദ്ധഖുർആൻ നരകവാസികളെ കുറിച്ചു പറഞ്ഞ ഇല്ലാ മാശാ റബ്ബുക്ക എന്നതും അവിടെയുണ്ട്. നരകത്തിൽ ആരുമുണ്ടാകാത്ത ഒരു കാലം വരുമെന്നും മന്ദമാരുതൻ അതിന്റെ കവാടങ്ങളെ ഇളക്കുമെന്നും ഹദീഥിലും പറഞ്ഞു. ചില ഗ്രന്ഥങ്ങളിൽ പാർസി ഭാഷയിലുള്ള ഈ ഹദീഥും എഴുതിയിട്ടുണ്ട്; ഈ മുശ്തെ ഖാക് റാ അഗർ നഃ ബഖ്ശം ചെഃ കുനം" (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായീൻ വാള്യം 22, പേജ് 194-196).

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ)

**ഭാഗം-5**

**- ഹാഫിസ് മുസഫർ അഹ്മദ്**

അല്ലാഹു നന്മപ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു.' ഈ വചനമിറങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'താങ്കളും ഈ ആയത്തിൽ പറഞ്ഞ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽപ്പെട്ടയാളാണ്."

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)മെലിഞ്ഞ് പൊക്കംകുറഞ്ഞ ചെമപ്പും വെളുപ്പും കലർന്ന നിറമുള്ള ആളായിരുന്നു. ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം യാത്രയിലായിരുന്നു. ഒരു കാട്ടുവൃക്ഷത്തിൽനിന്ന് അതിന്റെ പഴം (ഉകമരം-മഞ്ഞ നിറത്തിലുള്ള പൂവ്, ചെമന്ന നിറത്തിലുള്ള കായ. കുരു എണ്ണമയമുള്ളത്-പീലു എന്നും പറയും)പറിച്ചുകൊണ്ടുവരാൻ അദ്ദേഹത്തോടു നബി(സ) തിരുമേനി പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ആടുകളെ മേയ്ച്ചുനടന്ന കാലത്ത് കാടുകളിൽ കാണുന്ന ഓരോ മരത്തെകുറിച്ചും അന്വേഷണം നടത്തുമായിരുന്നു. മരത്തിൽ കയറാനും നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ട് ചുറുചുറുക്കോടെ മരത്തിൽക്കയറി. ചിലർ അദ്ദേഹത്തിന്റെ മെല്ലിച്ച തണ്ടൻകാല് കണ്ട് ചിരിക്കാനും തമാശപറയാനും തുടങ്ങി. തന്റെ ഉറ്റമിത്രമായ സ്വഹാബിയുടെ കാര്യത്തിൽ നബി(സ)തിരുമേനിയുടെ ആത്മാഭിമാനം തിളച്ചുപൊന്തി. ആ മഹാത്മാവ് പറഞ്ഞു: 'അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ നന്മയുടെ തട്ട് പുനരുഥാനനാളിൽ വളരെ ഭാരമുള്ളതായിരിക്കും. എത്രത്തോളമെന്നാൽ, ഉഹ്ദുമലയെക്കാൾ കൂടുതലായിരിക്കുമത്.'

ഇസ്ലാമിൽ ബാഹ്യസൗന്ദര്യത്തെക്കാൾ ആന്തരിക സൗന്ദര്യത്തിനാണ് കൂടുതൽ പ്രാധാന്യവും വിലയും നിലയുമുള്ളതെന്ന പാഠം നബി(സ)തിരുമേനി തന്റെ ചെറുപ്പക്കാർക്ക് നല്കിയിരുന്നു. അതായത് നിങ്ങളിൽ ഏറ്റവും കൂടുതൽ മുത്തഖിയാരാണോ അവൻതന്നെയാണ് ഏറ്റവും കൂടുതൽ ആദരണീയൻ.

**ഹദീഥ് നിവേദനങ്ങൾ:**

ഹദ്റത്ത് അബൂബക്കറിൽനിന്നും, ഹദ്റത്ത് ഉമറിൽ നിന്നും (റ), ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അലി(റ) എന്നിവർ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ൽ നിന്നും നിവേദനങ്ങൾ ചെയ്തിട്ടുണ്ട്.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഇസ്ലാമിന്റെ പ്രാരംഭകാലംമുതലെ നബി(സ)തിരുമേനിയ്ക്ക് സേവനം ചെയ്യാൻ, തന്നെ അർപണം ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ വ്യക്തിപരമായ കാര്യങ്ങളിലും ധാരാളമായി സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. അത് അവസാനകാലംവരെ തുടർന്നുപോന്നു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ പരിശുദ്ധമായ സഹവാസത്തിൽനിന്ന് ശരിക്കും ഫലമെടുത്തു. അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹവാസവും ശിക്ഷണവും അറേബ്യയിലെ ഈ ഇടയച്ചെക്കനെ അത്യുന്നത സ്ഥാനത്തെത്തിച്ചു. നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു, "ഒരു കൂടിയാലോചനയും കൂടാതെ ഞാനാരെയെങ്കിലും അമീറാക്കാൻ ആഗ്രഹിച്ചാൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ അമീറാക്കുമായിരുന്നു."

ഹദ്റത്ത് അലി(റ) തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ കൂഫയിൽ പോയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)ന്റെ താമസം അവിടെയായിരുന്നു. ഹദ്റത്ത് അലിയുടെ മജ്ലിസ്സിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെ കുറിച്ചും ചർച്ച നടന്നു. ആളുകൾ അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ടു പറഞ്ഞു, 'അമീറുൽ മുഅ്മിനീൻ! ഞങ്ങൾ ഹദ് റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെക്കാൾ സൽസ്വഭാവിയും മൃദുലമായി പഠിപ്പിക്കുന്നവനും നല്ല സഹവാസിയും നല്ല സംഘാടകനും ദൈവഭക്തനുമായിട്ട് മറ്റാരെയും കണ്ടിട്ടില്ല.' ഹദ്റത്ത് അലി(റ) അവരെ പരീക്ഷിക്കാനെന്നോണം അവരോടു ചോദിച്ചു, 'ഞാൻ അല്ലാഹുവിനെസാക്ഷി നിറുത്തിക്കൊണ്ടു ചോദിക്കുന്നു, സത്യം സത്യമായി പറയുക! ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ സംബന്ധിച്ച് സത്യഹൃദയത്തോടെയാണോ നിങ്ങളിങ്ങനെ പറയുന്നത്?' അവർ പറഞ്ഞു, 'അതേ.' അപ്പോൾ ഹദ്റത്ത് അലി(റ)പറഞ്ഞു,'അല്ലാഹുവേ! നീ സാക്ഷിയായിരിക്കേണമേ. അല്ലാഹുവേ! ഞാനും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)നെ സംബന്ധിച്ച് ഇതേ അഭിപ്രായക്കാരനാണ്. അല്ല! ഇതിനെക്കാൾ കുടുതൽ ആ അഭിപ്രായക്കാരനാണ്.'

അല്ലാഹു നമുക്കും കഴിഞ്ഞുകടന്ന പുണ്യാത്മാക്കളുടെ പരിശുദ്ധ ജീവിതവും സൽകർമങ്ങളും ജീവിപ്പിച്ചുനിറുത്താൻ സൗഭാഗ്യം നല്കുമാറാകട്ടെ. ആമീൻ.

---

**(പേജ് 7ൽ നിന്ന്)**

ധന ഉണ്ടായിട്ടുണ്ട്. പതിനാല് ലക്ഷത്തി നാലായിരത്തി (1404000)ലധികമാളുകൾ തഹ്രീക്കെ ജദീദിൽ ചേർന്നിട്ടുണ്ട്. ഇതിലും കൂടുതൽ പരിശ്രമം നടത്തിയിട്ടുള്ളത് ബെനിനും, നൈജീരിയയും, മാലിയും, ബുർക്കിനാ ഫാസോയും, ഘാനയും, ലൈബീരിയയും സെനഗൽ (Senegal)ഉം കാമറൂണുമാണ്. ലോകത്തെല്ലായിടത്തും ഈ ഭാഗത്തേക്ക് ശ്രദ്ധ കൊടുക്കേണ്ട ആവശ്യമാണുള്ളത്.

ദഫ്ത്തർ ഔവ്വലിന്റെ (തുടക്കപട്ടിക)രജിസ്റ്റർ അല്ലാഹുവിന്റെ കൃപയാൽ നടന്നുവരുന്നുണ്ട്. അവരുടെ ബന്ധുക്കളിൽനിന്ന് അതിലേക്ക് ചന്ദ വന്നുകൊണ്ടിരിക്കുന്നു. ചിലർ ജീവിച്ചിരിക്കുന്നുണ്ട്. അവർ നേരിട്ടും കൊടുത്തുവരുന്നു.

പാക്കിസ്താനിലെ വലിയ മൂന്നു ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് ലാഹോറാണ്. രണ്ട് റബ്വ മൂന്ന് കറാച്ചി. അതിനുശേഷം അടവിന്റെ അടിസ്ഥാനത്തിലുള്ള പത്ത് നഗര ജമാഅത്തുകൾ ഇവയാണ്: അവയിലൊന്നാം സ്ഥാനത്ത് ഇസ്ലാമാബാദ്, പിന്നെ മുൾത്താൻ, കോയിട്ട, പിശാവർ, ഗുജ്റൻവാല, ഹൈദ്രാബാദ്, ഹാഫിളാബാദ്, മിയാൻവാലി, കോട്ട്ലി, ഖാനേവാൾ, ബഹാവൽപൂർ.

കൂടുതൽ ത്യാഗം ചെയ്യുന്ന പാക്കിസ്താനിലെ പത്തു ജില്ലകൾ; ദാരിദ്ര്യമുണ്ടായിട്ടും പാക്കിസ്താന്റെ ചന്ദകൾ വളരെ ഉയർന്ന നിലവാരത്തിലാണ്. സിയാൽക്കോട്ട് ഒന്നാം സ്ഥാനും, ഫയ്സലാബാദ്, സർഗോധാ, ഗുജ്റാത്ത്, ഉമർക്കോട്ട്, ഒക്കാഡ, നാരോവാൾ, മീർപൂർഖാസ്, ടോബടേക്ക് സിംഗ്, മണ്ടി ബഹാവുദ്ദീൻ, മീർപൂർ ആസാദ് കശ്മീർ.

ജർമനിയിലെ ആദ്യസ്ഥാനത്തുള്ള പത്തു ജമാഅത്തുകൾ: Rdermark (ഡർമാർക്ക്), നോയിസ്, weingarten (വിംഗാർട്ടൻ), Rainham South(റയ്ൻഹം സൗത്ത്), Firsheim (ഫ്രിഷ്ഹൈം), Iimburg (ലിംബർഗ്), Cologne (ക്ലൊഗ്നി), Koblenz(കോബ്ലൻസ്), Neida (നീഡാ) മഹ്ദിയാബാദ്.

ഇവരുടെ ആദ്യത്തെ 10 ലോക്കൽ ജമാഅത്തുകൾ ഇവയാണ്:ഹംബർഗ്, ഫ്രാങ്ക്ഫർട്ട്, ഗ്രാസ്ഗ്രാവ്, മോർഫീൽഡൻ വാൽഡോർഫ്, വേസ് ബാദൻ, ഡട്സൺബാഖ്, ഓഫൺബാഖ്, മൻഹൈം, ഡംസ്റ്റഡ്, റെഡ്ഷറ്റഡ്

മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടണിലെ 5 റീജ്യണുകൾ: ലണ്ടൻ ബി, ലണ്ടൻ എ, മിഡ്ലാൻഡ്സ്, നോർത്ത് ഈസ്റ്റ്, സൗത്ത് റീജ്യൺ.

അടവിന്റെ അടിസ്ഥാനത്തിൽ 10 വലിയ ജമാഅത്തുകൾ: മസ്ജിദ് ഫള്ൽ, വോസ്റ്റർ പാർക്, ഗ്ലാസ്ഗോ, ബ്രഹ്മിംഗ്ഹം സൗത്ത്, ന്യൂ മോൾഡൺ, ബ്രഡ്ഫോർഡ്, ഇസ്ലാമാബാദ്, ജലിംഗ്ഹം, മോസ്ക് വെസ്റ്റ്, മോൾഡൺ പാർക്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അവിടെത്തെ ആദ്യത്തെ 5 റീജ്യൺസ്:സൗത്ത് വെസ്റ്റ്, ഇസ് ലാമാബാദ്, സ്കോട്ട്ലാന്റ്, മിഡ്ലാൻഡ്സ്, നോർത്ത് ഈസ്റ്റ്.

വലിയ ജമാഅത്തുകൾ:ബ്രോമിലെ ആൻഡ് ലിയോഷം, Leamington Spa, ഇസ്ലാമാബാദ്, Scunthorpe, ബ്രഹ്മിംഗ്ഹം സൗത്ത്, വോസ്റ്റർ പാർക്ക്, ജലിംഗ്ഹം, ബോറൺമിത്ത് ആൻഡ് സൗത്ത് ഹെംപ്ടൺ, മസ്ജിദ് ഫള്ൽ, മോസ്ക് (Mosque)വെസ്റ്റ്.

അടവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ ലോക്കൽ ഇമാറത്തുകൾ; പീസ് വില്ലേജ്, ദാൻ, കൽഗരി, ബ്രംടൺ, വെങ്കൂർ, മെസ്സിസാഗ. കനഡയിലെ ജമാഅത്തുകളിൽ അടവിന്റെ അടിസ്ഥാനത്തിൽ എഡ്മിന്റൺ വെസ്റ്റ് ഒന്നാം സ്ഥാനത്ത്. ഡർഹം, സസ്കാടോൺസൗത്ത്, സസ്കാടോൺ നോർത്ത്, മിൽടൺ ഈസ്റ്റ്, ഒട്ടോവ വെസ്റ്റ്, ഒട്ടോവ ഈസ്റ്റ്, റജായ്നാ, ലാന്റ്മിനിസ്റ്ററിലെ ജമാഅത്തും നല്ല ആക്ടീവ് ജമാഅത്താണെന്നാണ് ഞാൻ കരുതിയത്. സ്വദ്ർ സാഹിബ് വളരെ കർമനിരതനായി തോന്നിയിരുന്നു. അവിടെത്തെ സാമ്പത്തിക നിലയും നല്ലതാണെന്ന് എന്നോടു പറഞ്ഞിരുന്നു. അവരുടെ ഒരു പൊസിഷനും വന്നില്ല.

മൊത്തം അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്കയിലെ ജമാഅത്തുകൾ: സിലിക്കോൺവാലി, രണ്ടാം സ്ഥാനം ഓഷ്ക്കോശ്, ഡെട്രായ്റ്റ്, സീക്കൽ, യാറിക്, സെന്ററൽ വെർജീനിയ, ലോസ്ഏഞ്ചൽസ്, സ്ലോർസ്പ്രിംഗ്, സെന്ററൽ ജർസി, ഷിക്കാഗോ സൗത്ത് വെസ്റ്റ്, ലോസ്ഏഞ്ചൽസ് വെസ്റ്റ്.

ഇന്ത്യയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: കരുളായ്(കേരള), കാലിക്കറ്റ്(കേരള), ഹൈദ്രാബാദ്(തെലുങ്കാന), പത്തപ്പിരിയം(കേരള), ഖാദിയാൻ, കണ്ണൂർ ടൗൺ(കേരള), പഴയങ്ങാടി(കേരള), ദില്ലി, കൊൽക്കത്ത (ബംഗാൾ), സുലൂർ(തമിഴ്നാട്).

ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ. ഒന്നാം സ്ഥാനം കേരള, കർണാടക, ആന്ധ്ര പ്രദേശ്, തമിൾനാടു, ജമ്മുകശ്മീർ, ഒഡീഷ, പഞ്ചാബ്, ബംഗാൾ, ദില്ലി, മഹാരാഷ്ട്ര. ഇന്ത്യയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി വലിയ അഭിവൃദ്ധിയാണുള്ളത്. ആദ്യം വളരെ പിന്നിലായിരുന്നു.

ആസ്ത്രേലിയായിലെ ആദ്യത്തെ 10 ജമാഅത്തുകൾ: ഇവിടേയും അല്ലാഹുവിന്റെ കൃപയാൽ ജനങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. മൽബറൺ ബ്രോക്, കാസിൽഹിൽ, അഇഠ കാംബ്രാ, മാസ്ഡൻ പാർക്ക്, ബർസബൻ, ലോഗൺ, പീസ്ഥ്, മൽബറൺ ലോംഗ് വാറൺ, എഡീൽഡ് സൗത്ത്, പ്ലംബ്ടൺ, മൽബറൺ ഈസ്റ്റ്, ഇപ്രകാരം ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ 10 ജമാഅത്തുകൾ: തസ്മാനിയ, ബർസബൻ നോർത്ത്, അഇഠ കാംബ്രാ, സിഡ്നീ മെട്രോ, ഡാർവിൻ പേരമീട്ട, മൽബറൺ ബ്രോക്, പൃഥ്, മാസ്ഡൺ പാർക്, കാസിൽഹിൽ.

അല്ലാഹു ഈ പങ്കെടുത്ത എല്ലാവരുടേയും ധനത്തിലും ആയുസിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കുമാറാകട്ടെ. ഭാവിയിലും അത്യുത്സാഹത്തോടെ ത്യാഗം ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. ഖിലാഫത്തുമായി എപ്പോഴും അവർക്ക് സുദൃഢബന്ധമുണ്ടായിരിക്കട്ടെ.

**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
**CITYLINK TRAVEL CORPORATION**
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

ഇക്കാലത്തെ ലോകം മനസ്സിലാക്കുന്നത് ധനം സ്വരുക്കൂട്ടുന്നതും അതിനെ സ്വന്തം സൗഖ്യത്തിനും സന്തോഷത്തിനും വേണ്ടി ചെലവഴിക്കുന്നതും തന്നെയാണ് തങ്ങളുടെ സമാധാനത്തിനും സന്തോഷത്തിനും നിമിത്തമാകുന്നതെന്നാണ്. പക്ഷേ, ലോകത്തുള്ള അനുഗ്രഹങ്ങളും സൗകര്യങ്ങളും അല്ലാഹു മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെങ്കിലും ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയും ഭക്തിയിലൂടെ നടക്കുകയും ചെയ്യുക എന്നതാണെന്ന് ദീനിന്റെ യഥാർഥ അറിവും ഗ്രാഹ്യവുമുള്ള ഒരു മുഅ്മിൻ മനസ്സിലാക്കുന്നു; അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നതാണ്. അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുക എന്നതാണ്.

**സൃഷ്ടികളോടുള്ള സഹതാപത്തിൽ, ആവശ്യക്കാരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതോടൊപ്പം അവരുടെ ദീനും ഈമാനും അവരെ ദൈവത്തിന്റെ അടുത്തുകൊണ്ടുവരുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.**

ഇക്കാലഘട്ടത്തിലും ഭൗതികമായ ആവശ്യങ്ങൾ പൂർണമാക്കുന്നതിനു പുറമെ അതിനു ധനം ചെലവഴിക്കേണ്ടത് ആവശ്യമാണ്, ദരിദ്രരെ സഹായിക്കേണ്ടതും ആവശ്യമാണ്. അഹ്മദികളായ നമ്മൾക്ക് ആത്മീയമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് ധനം ചെലവഴിക്കേണ്ടതും നിർബന്ധമാണ്. കാരണം സന്മാർഗ പ്രചാരണത്തിന്റെ പൂർത്തീകരണ ജോലി ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെയാണ് ഏല്പിച്ചിട്ടുള്ളത്.

ഇക്കാലഘട്ടത്തിൽ ഒരു വ്യവസ്ഥിതിക്ക് വിധേയമായി ചെലവഴിക്കുന്ന, ഇസ്‌ലാമിക പ്രചാരണത്തിന് ചെലവഴിക്കുന്ന മുഅ്മിനീംകളുടെ ജമാഅത്ത്, അഹ്മദിയ്യാ ജമാഅത്തുതന്നെയാണ്. ഇതിൽ വിവിധരീതിയിൽ പ്രബോധനപ്രവർത്തനങ്ങൾ നടക്കുന്നു. സൃഷ്ടികളോടുള്ള സഹതാപം കാരണത്താൽ അവരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് അവരിൽ ചെലവഴിക്കപ്പെടുന്നു. ബുദ്ധിമുട്ടി ഇങ്ങനെ ചെലവഴിക്കുന്ന ധാരാളമാളുകളുണ്ട്. ഈ ചെലവഴിക്കൽ അല്ലാഹുവിന്റെ സാമീപ്യം നല്കുകയും അവന്റെ തൃപ്തികരസ്ഥമാക്കൻ ഉതകുകയും ചെയ്യുമെന്ന ദൃഢവിശ്വാസം നല്കുന്നതോടൊപ്പം അത് ശരിയായ രീതിയിൽ ചെലവഴിക്കപ്പെടുമെന്ന തൃപ്തിയുമുണ്ടാകുന്നു. ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും ചെലവും ഏറ്റവും ഉന്നതമാണെന്ന് അന്യർക്കും അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല.

ചന്ദ നല്കുന്നതിന് പരിശുദ്ധ ധനമായിരിക്കണമെന്നത് വളരെ നിർബന്ധമാണ്. കുറഞ്ഞ പക്ഷം തെറ്റായ രീതിയിൽ സമ്പാദിക്കാത്തവരാണെന്ന് അറിയുന്നവരിൽനിന്നാണ് ചന്ദ വസൂൽ ചെയ്യുന്നത്. തെറ്റായ രീതിയിൽ സമ്പാദിച്ചതാണെന്നറിഞ്ഞാൽ ജമാഅത്ത് ചന്ദ വാങ്ങുകയില്ല. എന്നിട്ടും വാങ്ങുകയാണെങ്കിൽ ഞാൻ അറിഞ്ഞാൽ ഒന്നുകിൽ ചന്ദ മടക്കിക്കൊടുക്കും അല്ലെങ്കിൽ ഭാരവാഹികളെ സ്ഥാനത്തുനിന്ന് നീക്കും. യഥാർഥകാര്യം ത്യാഗം ചെയ്ത് കൊടുക്കുക എന്നതാണ്. പരിശുദ്ധ ധനത്തിൽനിന്ന് കൊടുക്കുക എന്നതാണ്. അതിലാണ് ബർക്കത്തുണ്ടാകുന്നത്.

ഇന്നു ഞാൻ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷപ്രഖ്യാപനവും നടത്തുന്നതാണ്. അതുകൊണ്ട് സാമ്പത്തികത്യാഗവുമായി ബന്ധപ്പെട്ട കുറച്ചാളുകളുടെ സംഭവങ്ങളും സമർപ്പിക്കുകയാണ്. വെറും സമ്പന്ന രാഷ്ട്രങ്ങളിലല്ല മറിച്ച് ദരിദ്രരാഷ്ട്രങ്ങളിലെ അഹ്മദി, പുതിയതായി ജമാഅത്തിൽ ചേർന്നതിനുശേഷം എങ്ങനെയാണ് അല്ലാഹു അവരുടെ മനസ്സ് തികച്ചും തിരിച്ചുവിടുന്നത്. അത്ഭുതം തോന്നുന്നു. ഞെരുക്കങ്ങളുണ്ടായിട്ടും ത്യാഗങ്ങളിൽ മുന്നോട്ടു കുതിക്കുന്നവരാണവർ.

സാമ്പത്തിക ത്യാഗങ്ങളുടേയും അതിനുമേലുള്ള അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളുടേയും നിരവധി സംഭവങ്ങൾ എന്റെയടുത്ത് വന്നിട്ടുണ്ട്. പക്ഷേ, അതിൽനിന്ന് ഏതാണ് എടുക്കേണ്ടതെന്നത് എനിക്കു ബുദ്ധിമുട്ടായി. കുറച്ച് ഞാൻ സമർപ്പിച്ചു. ഞാൻ പറഞ്ഞതുപോലെ ഏകദേശം എല്ലാരാജ്യത്തുമുള്ളവരോടും അല്ലാഹുവിന്റെ പെരുമാറ്റം ഇതുതന്നെയാണ്. അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ആരാണോ അവനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നത് അല്ലാഹു അവരെ അതിരറ്റ് കടാക്ഷിക്കുന്നു.

**വിവിധ രാജ്യങ്ങളിലെ ജമാഅത്തംഗങ്ങളുടെ സാമ്പത്തിക ത്യാഗത്തെ സംബന്ധിച്ചുള്ള ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച**

ഇവിടെത്തെ പരിശോധനയനുസരിച്ച് എം.ടി.എ പ്രേക്ഷകരുടെ എണ്ണം ഉണ്ടാകേണ്ടത്ര ഉണ്ടാകുന്നില്ല. അല്ലെങ്കിൽ കുറഞ്ഞപക്ഷം എന്റെ ഖുത്ബ നേരിട്ട് കേൾക്കുന്നില്ല. ജമാഅത്ത് ഇത്രയധികം ചെലവഴിക്കുന്നത് ജമാഅത്തിന്റെ തർബിയ്യത്തിനുവേണ്ടിയാണ്. സമയവ്യത്യാസമുണ്ടെങ്കിൽ പുനഃസംപ്രേഷണം ചെയ്യുമ്പോൾ ഖുത്ബ കേൾക്കേണ്ടതാണ്.

ഖിലാഫത്തുമായി ജമാഅത്തിനെ ബന്ധപ്പെടുത്തുന്നതിന് എം.ടി.എ യെ അല്ലാഹു ഒരു മാർഗമാക്കിയിരിക്കുകയാണ്. വീടുകളിൽ നിങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ പതുക്കപ്പതുക്കെ നിങ്ങളുടെ മക്കൾ പിന്നാക്കം പോകാൻ തുടങ്ങും. അതുകൊണ്ട് പശ്ചാത്താപം തുടങ്ങാൻ ഇടവരുന്നതിനുമുമ്പേ നിങ്ങളെ ഖിലാഫത്തുമായി ബന്ധിപ്പിക്കുക. അതിനുള്ള ഏറ്റവും ഉത്തമമായ മാർഗമാണ് അല്ലാഹു നല്കിയിട്ടുള്ള എം.ടി.എ. അതിനെ ഉപയോഗിക്കുക. വളരെയധികം മറ്റു നല്ല പരിപാടികളും എം.ടി.എ.യിൽ വരുന്നുണ്ട്. പക്ഷേ, കുറഞ്ഞ പക്ഷം ഖുത്ബയെങ്കിലും നിർബന്ധമായും കേൾക്കുക.മുറബ്ബിസാഹിബ് തങ്ങളെ ഖുത്ബ സംഗ്രഹംകേൾപ്പിച്ചു എന്നും അതുകൊണ്ട് അതിലെന്താണ് പറഞ്ഞതെന്ന് തങ്ങൾക്കറിയാമെന്നു പറയലല്ല. സംഗ്രഹം കേൾക്കലും പൂർണമായ ഖുത്ബ കേൾക്കലും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

1934-ൽ അഹ്റാരികൾ ജമാഅത്തിനെ ഉന്മൂലനം ചെയ്യുന്നതിനെ കുറിച്ച് സംസാരിച്ചിരുന്നു. ഖാദിയാനിലെ ഓരോ ഇഷ്ടികയും ഇളക്കിയെടുക്കുമെന്ന് വീമ്പ് പറഞ്ഞിരുന്നു. അക്കാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തഹ്‌രീക്കെ ജദീദ് വിളംബരം ചെയ്ത് ലോകത്ത് മിഷണറിമാരെ അയക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. തബ്‌ലീഗിന്റെ എല്ലാം അടങ്ങിയ ഒരു പദ്ധതി ഉണ്ടാക്കി. ഇന്ന് അല്ലാഹുവിന്റെ കൃപയാൽ എല്ലാ രാജ്യത്തും അഹ്മദിയ്യാ ജമാഅത്ത് അറിയപ്പെടുന്നു. 209 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് രൂപീകരിക്കപ്പെട്ടുകഴിഞ്ഞു.

**കഴിഞ്ഞ വർഷം (2015-2016)അഹ്മദിയ്യാ ലജമാഅത്തിന് തഹ്‌രീക്കെ ജദീദിൽ ഒരു കോടി ഒമ്പതു ലക്ഷത്തി മുപ്പത്തിമൂവായിരം Pound Sterling (പൗണ്ട് സ്റ്റെർലിംഗ്)ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയിരിക്കുന്നു. അൽഹംദുലില്ലാഹ്.**

ജമാഅത്തുകളുടെ പൊസിഷന്റെ അടിസ്ഥാനത്തിൽ പാക്കിസ്താൻ എന്നും ഒന്നാം സ്ഥനത്താണ്. അതിനുശേഷം ജർമനി. പിന്നെ ബ്രിട്ടണും അമേരിക്കയും. വിവിധ വശങ്ങളിലൂടെ വലിയ വലിയ രാജ്യങ്ങളിലെ സാമ്പത്തിക ത്യാഗത്തിന്റെ വിലയിരുത്തൽ. അല്ലാഹു ഈ പങ്കെടുത്ത എല്ലാവരുടേയും ധനത്തിലും ആയുസിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2016 നവംബർ 11/1395 നുബുവ്വത്ത് 11**
**മസ്ജിദ് ബയ്ത്തുന്നൂർ കൽഗരി കനഡ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ۔ اَلرَّحْمٰنِ الرَّحِيمِ ۔ مٰلِكِ يَوْمِ الدِّينِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِينُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۔ صِرَاطَ الَّذِينَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ ۔

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ സാമ്പത്തികത്യാഗം എന്ന വിഷയത്തിൽ വെളിച്ചം വീശിക്കൊണ്ട് പറഞ്ഞു:

"മനുഷ്യൻ ലോകത്ത് ധനത്തെ വളരെയേറെ സ്നേഹിക്കുന്നു. അതുകൊണ്ടാണ് ആരെങ്കിലും താൻ കരളെടുത്ത് ആർക്കെങ്കിലും കൊടുക്കുന്നതു കണ്ടാൽ അതുകൊണ്ടുള്ള ഉദ്ദേശ്യം ധനമാണെന്ന് സ്വപ്നവ്യാഖ്യാന ശാസ്ത്രത്തിൽ എഴുതിയിരിക്കുന്നത്." പറയുന്നു:" ഇക്കാരണത്താലാണ് യഥാർഥമായ തഖ്‌വയും ഈമാനും കരസ്ഥമാക്കുന്നതിന് *ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* (3:93)എന്ന് പറഞ്ഞിട്ടുള്ളത്. നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തു ചെലവഴിക്കുന്നതുവരെ നിങ്ങൾ യഥാർഥമായ നന്മ കരസ്ഥമാക്കുന്നവരാകുകയില്ല. കാരണം ദൈവസൃഷ്ടികളോടുള്ള സഹതാപത്തിന്റേയും പെരുമാറ്റത്തിന്റേയും ഒരു വലിയ ഭാഗം ധനം ചെലവഴിക്കേണ്ടതിന്റെ ആവശ്യമാണെന്ന് പറഞ്ഞിരിക്കുന്നു. ഇതുകൂടാതെ ഈമാൻ അഥവാ വിശ്വാസം പൂർണമാകുകയോ അടി

യുറച്ചതാകുകയോ ഇല്ല." പറഞ്ഞു: "മനുഷ്യൻ ത്യാഗം വരിക്കാത്തിടത്തോളം മറ്റുള്ളവർക്ക് എങ്ങനെ ഗുണമെത്തിക്കാനാണ്. മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നതിനും അവരോടു സഹതാപം കാണിക്കുന്നതിനും ത്യാഗം അനിവാര്യമായ കാര്യമാണ്. *ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ* എന്ന വചനത്തിൽ ഈ ത്യാഗത്തിന്റെ പാഠവും നിർദേശവുമാണ് നല്കപ്പെട്ടിരിക്കുന്നത്. അതിനാൽ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നതും മനുഷ്യന്റെ സൗഭാഗ്യത്തിന്റേയും ഭക്തിസ്വഭാവത്തിന്റേയും നിലവാരവും ഉരകല്ലുമാണ്."(മൽഫൂദാത്ത് വാല്യം 2 പേജ് 95 –96 1985 ലണ്ടൻ പതിപ്പ്)

മറ്റൊരു ഉദ്ധരണി കൂടി വായിക്കുകയാണ്:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "കാര്യമെന്താണെന്നുവച്ചാൽ യഥാർഥ സന്തോഷത്തിന് കാരണമായ അല്ലാഹുവിന്റെ സന്തോഷം താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാതെ കരസ്ഥമാകുകയില്ല." പിന്നീടു പറഞ്ഞു: "അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിന് ബുദ്ധിമുട്ടുകൾ പ്രശ്നമാക്കാത്തവർ അനുഗൃഹീതരാണ്. കാരണം അനശ്വരമായ സന്തോഷത്തിന്റേയും എന്നെന്നേക്കുമുള്ള സൗഖ്യത്തിന്റേയും വെളിച്ചം ആ താൽക്കാലികമായ ബുദ്ധിമുട്ടിന് ശേഷമാണ് മുഅ്മിന് ലഭിക്കുന്നത്."(മൽഫൂദാത്ത് വാല്യം 1 പേജ് 76 1985 ലണ്ടൻ പതിപ്പ്)

"ഇക്കാലത്തെ ലോകം മനസ്സിലാക്കുന്നത് ധനം സ്വരുക്കൂട്ടുന്നതും അതിനെ സ്വന്തം സൗഖ്യത്തിനും സന്തോഷത്തിനും വേണ്ടി ചെലവഴിക്കുന്നതും തന്നെയാണ് തങ്ങളുടെ സമാധാനത്തിനും സന്തോഷത്തിനും നിമിത്തമാകുന്നതെന്നാണ്. പക്ഷേ, ലോകത്തുള്ള അനുഗ്രഹങ്ങളും സൗകര്യങ്ങളും അല്ലാഹു മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെങ്കിലും ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയും ഭക്തിയിലൂടെ നടക്കുകയും ചെയ്യുക എന്നതാണെന്ന് ദീനിന്റെ യഥാർഥ അറിവും ഗ്രാഹ്യവുമുള്ള ഒരു മുഅ്മിൻ മനസ്സിലാക്കുന്നു; അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക എന്നതാണ്. അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുക എന്നതാണ്. ഈ ആയത്തിൽ ഈ വിഷയമാണ് അല്ലാഹു വിവരിച്ചിട്ടുള്ളത്. അതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചതും. അതായത് യഥാർഥ സമാധാനം നന്മചെയ്യുമ്പോഴാണ് ലഭിക്കുന്നത്. ധനം സമ്പാദിച്ചുവെക്കുന്നതുകൊണ്ട് ലഭിക്കുകയില്ല. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നതിന് നിങ്ങൾക്ക് പ്രിയപ്പെട്ട വസ്തു ചെലവഴിക്കാത്തിടത്തോളം നന്മ അതിന്റെ നിലവാരം പ്രാപിക്കുകയില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ധനവും മുതലും മനുഷ്യൻ വളരെ അധികം സ്നേഹിക്കുന്ന വസ്തുക്കളാണ്. ഇന്ന് പരിശോധിക്കുകയാണെങ്കിൽ ലോകത്തുള്ള കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും ഫിത്നകൾക്കും പരിഭ്രാന്തികൾക്കുമെല്ലാം കാരണം മുതലിനോടുള്ള സ്നേഹവും ആർത്തിയുമാണെന്ന് കാണാം. ഒരു ഭൗതികമനുഷ്യനെ സംബന്ധിച്ചിടത്തോളം തന്റെ കൈയിൽ ധാരാളം പണം വന്നാൽ അതെങ്ങനെ ചെലവഴിക്കണമെന്നുപോലും അവനറിയില്ല. വികസിത രാഷ്ട്രങ്ങൾ എന്നു പറയപ്പെടുന്ന പാശ്ചാത്യരാജ്യങ്ങളിൽ ഒരുപാട് വലിയ വലിയ സമ്പന്നരുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, അവരുടെ ചെലവുകൾ എന്താണ്? ഇവിടെ ചെലവ് ചെയ്യുന്നതിന് അവരുടെ കൈയിലുള്ള വസ്തുക്കൾ, casinoകൾ അവിടെപോയിട്ട് സുഖഭോഗങ്ങളിൽ ചെലവഴിക്കുന്നു. ചൂതാട്ടങ്ങളിൽ തുക ചെലവഴിക്കുന്നു. മുസ്‌ലിം രാഷ്ട്രങ്ങളുടേയും മുസ്‌ലിംകളുടേയും അവസ്ഥ ഇതുതന്നെയാണ്. അവരും ഇവിടെ വന്നിട്ട് അസാന്മാർഗികമായ കാര്യങ്ങൾ ചെയ്യുകയും ചെലവഴിക്കുകയും ചെയ്യുന്നു. എന്നല്ല അവരുടെ സ്വന്തം നാടുകളിലും അത്തരം സ്ഥലങ്ങളുണ്ട്. അവിടെ തുറന്നനിലയിൽ ചെലവഴിക്കുന്നു. കുറച്ചുനാളായി ഞാൻ ഒരു മാസികയിൽ ഒരു ഐസ്ക്രീമിന്റെ പരസ്യം കണ്ടു. അത് ദുബൈ ഹോട്ടലിന്റെ പരസ്യമായിരുന്നു. രണ്ടോ മൂന്നോ സ്കോപ്പുമാത്രമുള്ള ഒരു കപ്പ് ഐസ്ക്രീമിന്റെ വില 850 ഡോളറായിരുന്നു. അതിൽ ഇന്ന സ്ഥലത്തെ കുങ്കുമപ്പൂവ് ഉപയോഗിച്ചിട്ടുണ്ടത്രെ! ഇന്ന സ്ഥലത്തെ ഇന്ന വസ്തു ഉപയോഗിച്ചിട്ടുണ്ട്! അതിൽ സ്വർണ്ണക്കടലാസ് പൊതിഞ്ഞിരുന്നു. 850 ഡോളറുകൊണ്ട് ദരിദ്രരാഷ്ട്രത്തിലെ ഒരു കുടുംബത്തിന്റെ മുഴുവൻ ചെലവും വളരെ നല്ലനിലയിൽ കഴിഞ്ഞുപോകുന്നതാണ്. പക്ഷേ, ഇക്കൂട്ടർ ഒരു കപ്പ് ഐസ്ക്രീം തിന്നുന്നതിനാണ് അത് ചെലവഴിക്കുന്നത്. അപ്പോൾ ആരുടെ കൈയിലാണോ അതിരില്ലാത്ത പണമുള്ളത് അവർക്കറിയില്ല എങ്ങനെ അത് ചെലവഴിക്കണമെന്ന്, എങ്ങനെ അതിൽനിന്ന് സമാധാനമെടുക്കണമെന്നും അറിയില്ല. അവർ ചെലവഴിക്കുന്നുണ്ടെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, അത് തങ്ങളുടെ സുഖലോലുപതയുടെ സമാധാനത്തിനുവേണ്ടിയാണ്; അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനോ നന്മ ചെയ്യുന്നതിനോ വേണ്ടിയല്ല.

പക്ഷേ, അല്ലാഹു പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് വിശദീകരിച്ചിരിക്കുന്നു. യഥാർഥ ഭയഭക്തിയും വിശ്വാസവും കരസ്ഥമാക്കുന്നതിന്, ദൈവതൃപ്തി കരസ്ഥമാക്കുന്നതിന്, വിശ്വാസത്തിൽ വർധന ഉണ്ടാക്കുന്നതിന് ഈ വ്യർഥമായ കാര്യങ്ങളിലും അസാന്മാർഗികപ്രവർത്തനങ്ങളിലും ചെലവഴിക്കുന്നതിനുപകരം ദൈവത്തിന്റെ സൃഷ്ടികളോട് സഹതാപം കാണിക്കുന്നതിലും അവരോട് നല്ലനിലയിൽ പെരുമാറുന്നതിലും ചെലവഴിക്കുക. ഇത് ഇല്ലായെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ സാധിക്കുകയില്ല. സൃഷ്ടികളോടുള്ള സഹതാപത്തിൽ, ആവശ്യക്കാരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതോടൊപ്പം അവരുടെ ദീനും ഈമാനും അവരെ ദൈവത്തിന്റെ അടുത്തുകൊണ്ടുവരുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. നബി(സ)തിരുമേനി എപ്പോഴും അസ്വസ്ഥനായിരുന്നു. അതിനെക്കുറിച്ച് വിശുദ്ധഖുർആനിലും വന്നിട്ടുണ്ട്. അത് കണ്ട് അല്ലാഹു നബിയോട് പറഞ്ഞു: ജനങ്ങളുടെ അവസ്ഥ കണ്ടിട്ട് നീ നിന്നെ നാശത്തിലകപ്പെടുത്തുമോ? നബി(സ)തിരുമേനി അസ്വസ്ഥനായത് ഏതവസ്ഥ കണ്ടിട്ടായിരുന്നു? അല്ലാഹുവിൽനിന്ന് അകന്നുകിടക്കുന്ന അവരുടെ അവസ്ഥയായിരുന്നു അത്. ഈമാനിൽനിന്ന് അകന്നുകിടക്കുന്ന അവസ്ഥയായിരുന്നു അത്. നബി(സ)തിരുമേനി തന്നെ ബുദ്ധിമുട്ടിൽ അകപ്പെടുത്തിയതിനു കാരണം ഇക്കൂട്ടർ വിശ്വസിക്കാതെ അല്ലാഹുവിന്റെ പിടിത്തത്തിൽ പെട്ടുപോകുമോ എന്ന ചിന്തയായിരുന്നു.

അതുകൊണ്ട് ഇക്കാലഘട്ടത്തിലും ഭൗതികമായ ആവശ്യങ്ങൾ പൂർണമാക്കുന്നതിനു പുറമെ അതിനു ധനം ചെലവഴിക്കേണ്ടത് ആവശ്യമാണ്, ദരിദ്രരെ സഹായിക്കേണ്ടതും ആവശ്യമാണ്. അഹ്മദികളായ നമ്മൾക്ക് ആത്മീയമായ ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിന് ധനം ചെലവഴിക്കേണ്ടതും നിർബന്ധമാണ്. കാരണം സന്മാർഗ പ്രചാരണത്തിന്റെ പൂർത്തീകരണ ജോലി ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെയാണ് ഏല്പിച്ചിട്ടുള്ളത്. നബി(സ)തിരുമേനി മുഴുവൻലോകത്തിനും കൊണ്ടുവന്ന ആ സന്മാർഗത്തിന്റെ–അത് എങ്ങനെ പ്രചരിപ്പിക്കുമെന്നോർത്ത് അവിടന്ന് അസ്വസ്ഥനായിരുന്നു–പൂർത്തീകരണ കാലഘട്ടം എല്ലാ മാർഗങ്ങളും ലഭ്യമായിട്ടുള്ള ഇക്കാലഘട്ടമാണ്. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഏല്പിക്കപ്പെട്ടതുപോലെ ഇപ്പോൾ ആ ജോലി ആ മഹാത്മാവിനെ വിശ്വസിക്കുന്നവരിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളവരെ ഏല്പിച്ചിരിക്കുന്നു. സമ്പന്നർ തങ്ങളുടെ സുഖലോലുപതയ്ക്കാണ് ചെലവഴിക്കുന്നത്. എത്രത്തോളം സമ്പത്ത് അവരുടെ കൈയിലുണ്ടെന്നാൽ, അതെങ്ങനെ ചെലവഴിക്കണമെന്ന് അവർക്കുതന്നെ അറിയില്ല. എല്ലാ ആവശ്യങ്ങളും പൂർത്തിയാക്കിയതിനു ശേഷവും ഈ സമ്പത്ത് എന്തു ചെയ്യണമെന്ന് അവ ർക്ക് മനസ്സിലാകുന്നില്ല. കാരണം അവരുടെ ദീനിന്റേയും മനുഷ്യരോടുള്ള സഹതാപത്തിന്റേയും കോളം പൊതുവെ കാലിയായിരിക്കും. അങ്ങനെ വരുമ്പോൾ ആഡംബരപ്രിയങ്ങൾക്കും അസഭ്യങ്ങൾക്കും പുറമെ ഒന്നും അവർക്ക് കാണാൻ കഴിയില്ല. പക്ഷേ, മുഅ്മിനോടു അല്ലാഹു പറയുന്നത് മിച്ചമുള്ള ധനമല്ല മറിച്ച് യഥാർഥമായ നന്മ കരസ്ഥമാക്കുന്നതിന്, അതിന്റെ ഫലമായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് നിങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തി നിങ്ങൾ സ്നേഹിക്കുന്ന ധനത്തിൽനിന്ന് ചെലവഴിക്കുക എന്നാണ്. ചില സമ്പന്നരും ചില ചാരിറ്റികളിൽ(charities) ചെലവഴിക്കുന്നുണ്ടെന്നതിൽ സംശയമില്ല. ദാനധർമങ്ങളും നല്കുന്നുണ്ട്. പക്ഷേ, അവരുടെ ചെലവഴിക്കൽ അവരുടെ വരവിനെ അപേക്ഷിച്ച് കുറവായിരിക്കും. അവർ അത് പതിവായിട്ടു കൊടുക്കുകയുമില്ല. അതിനാൽ പതിവായിട്ടും സദുദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനും നന്മകൾ കരസ്ഥമാക്കുന്നതിനും മുഅ്മിൻ മാത്രമാണ് ചെലവഴിക്കുന്നത്. ഇക്കാലഘട്ടത്തിൽ ഒരു വ്യവസ്ഥിതിക്ക് വിധേയമായി ചെലവഴിക്കുന്ന, ഇസ്‌ലാമിക പ്രചാരണത്തിന് ചെലവഴിക്കുന്ന മുഅ്മിനീംകളുടെ ജമാഅത്ത്, അഹ്മദിയ്യാ ജമാഅത്തുതന്നെയാണ്. ഇതിൽ വിവിധരീതിയിൽ പ്രബോധനപ്രവർത്തനങ്ങൾ നടക്കുന്നു. സൃഷ്ടികളോടുള്ള സഹതാപം കാരണത്താൽ അവരോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് അവരിൽ ചെലവഴിക്കപ്പെടുന്നു. ബുദ്ധിമുട്ടി ഇങ്ങനെ ചെലവഴിക്കുന്ന ധാരാളമാളുകളുണ്ട്. ഈ ചെലവഴിക്കൽ അല്ലാഹുവിന്റെ സാമീപ്യം നല്കുകയും അവന്റെ തൃപ്തികരസ്ഥമാക്കാൻ ഉതകുകയും ചെയ്യുമെന്ന ദൃഢവിശ്വാസം നല്കുന്നതോടൊപ്പം അത് ശരിയായ രീതിയിൽ ചെലവഴിക്കപ്പെടുമെന്ന തൃപ്തിയുമുണ്ടാകുന്നു. ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയും ചെലവും ഏറ്റവും ഉന്നതമാണെന്ന് അന്യർക്കും അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ല.

നമ്മുടെ കബാബീറിലെ മുബല്ലിഗ് ഒരു സംഭവം എഴുതിയിരിക്കുന്നു: 'യരുശലേം യൂണിവേഴ്സിററിയിലെ രണ്ട് റിട്ടയേർഡ് പ്രൊഫസർമാർ തങ്ങളുടെ രണ്ടു വിദേശ അതിഥികളോടൊപ്പം നമ്മുടെ കബാബീർ മിഷനിൽ വന്നു. അവരുമായി ജമാഅത്തിനെ സംബന്ധിച്ച് സംസാരിക്കാൻ അവസരം കിട്ടി. ജമാഅത്ത് വ്യവസ്ഥിതി എന്താണെന്ന് പറഞ്ഞു. ആ അതിഥികളിൽ ഒരാൾ ആസ്ത്രിയായുമായി ബന്ധമുള്ള പ്രൊഫസറായിരുന്നു. അദ്ദേഹം അവസാനം പറഞ്ഞു: 'എനിക്ക് അഹ്മദിയ്യാ ജമാഅത്തിലെ ഏറ്റവും അധികം ഇഷ്ടപ്പെട്ട കാര്യം ജമാഅത്തിന്റെ സാമ്പത്തിക വ്യവസ്ഥിതി അങ്ങേയറ്റം പരിശുദ്ധവും നിർമലവുമാണെന്നതാണ്.' പറഞ്ഞു,'ലോകത്ത് പരിശുദ്ധമായ ധനംകൊണ്ടുമാത്രം വിപ്ലവം കൊണ്ടുവരിക എന്നത് നിങ്ങളുടെ വിധിയിൽത്തന്നെയാണ് എഴുതപ്പെട്ടിരിക്കുന്നതെന്ന് തോന്നുന്നു. അതിന് നിങ്ങൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു.'

ചന്ദ നല്കുന്നതിന് പരിശുദ്ധ ധനമായിരിക്കണമെന്നത് വളരെ നിർബന്ധമാണ്. പരിശുദ്ധവും അനുവദനീയമായ മാർഗത്തിലൂടെ സമ്പാദിച്ചതുമായ ധനത്തിൽ നിന്നായിരിക്കണം കൊടുക്കേണ്ടതെന്നും അല്ലാഹു പറഞ്ഞിരിക്കുന്നു. വഞ്ചനയിലൂടെ സമ്പാദിച്ച പണമായിരിക്കരുത്. ടാക്സ് കൊടുക്കാതെ ഉണ്ടാക്കിയ പണമായിരിക്കരുത്. അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ തെറ്റായ മാർഗത്തിലൂടെ ഉണ്ടാക്കിയ പണം ആയിരിക്കരുത്. കുറഞ്ഞ പക്ഷം തെറ്റായ രീതിയിൽ സമ്പാദിക്കാത്തവരാണെന്ന് അറിയുന്നവരിൽനിന്നാണ് ചന്ദ വസൂൽ ചെയ്യുന്നത്. തെറ്റായ രീതിയിൽ സമ്പാദിച്ചതാണെന്ന റിഞ്ഞാൽ ജമാഅത്ത് ചന്ദ വാങ്ങുകയില്ല. എന്നിട്ടും വാങ്ങുകയാണെങ്കിൽ ഞാൻ അറിഞ്ഞാൽ ഒന്നുകിൽ ചന്ദ മടക്കിക്കൊടുക്കും അല്ലെങ്കിൽ ഭാരവാഹികളെ സ്ഥാനത്തുനിന്ന് നീക്കും. യഥാർഥകാര്യം ത്യാഗം ചെയ്ത് കൊടുക്കുക എന്നതാണ്. പരിശുദ്ധ ധനത്തിൽനിന്ന് കൊടുക്കുക എന്നതാണ്. അതിലാണ് ബർക്കത്തുണ്ടാകുന്നത്. ഇത് അന്യരോടു പറയുമ്പോൾ അവരും

## ഇർശാദുന്നബ്‌വി(സ)

"കറി പാകം ചെയ്യുമ്പോൾ അതിന്റെ ചാറ് വർധിപ്പിച്ചുകൊണ്ട് നിന്റെ അയൽവാസിയെ കൂടി നീ കണക്കിലെടുക്കണം"

(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

"ഏതൊരാളുടെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസിക്ക് അഭയമില്ലയോ അവൻ സത്യവിശ്വാസിയല്ല"

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

'സ്ത്രീ സമൂഹമേ! നിങ്ങളുടെ ആഭരണത്തിൽനിന്നെങ്കിലും നിങ്ങൾ വല്ലതും ധർമം ചെയ്തുകൊള്ളുക."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ഇത് അംഗീകരിക്കുന്നു; ആ പ്രൊഫസർ പറഞ്ഞതുപോലെ. വിപ്ലവമുണ്ടാക്കുന്നവർ ഇക്കൂട്ടരാണെന്ന് കാര്യവും ആ ലൗകികന് കാണാൻ കഴിഞ്ഞു.

നമ്മുടെ നിയ്യത്ത് അഥവാ ഉദ്ദേശ്യം നല്ലതായിരിക്കുകയും പരിശുദ്ധമായ ധനം സമ്പാദിക്കുന്നതിന് ശ്രമിക്കുകയും അത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയും ചെയ്യുമ്പോഴാണ് തീർച്ചയായും നമ്മൾ വിപ്ലവം കൊണ്ടുവരുന്നതിന് മാർഗമായിത്തീരുന്നത്. ഈ വിപ്ലവം നമുക്കായി വിധിക്കപ്പെട്ടിട്ടുള്ളതാണ്. കാരണം ഹദ്റത്ത് മസീഹ് മൗഊദിനോടു അല്ലാഹുവിന്റെ ഈ വാഗ്ദാനമുണ്ട്. ഒരു ഭൗതികവിപ്ലവവും നമ്മൾ കൊണ്ടുവരരുത്. പ്രത്യുത ആത്മീയവിപ്ലവമാണ് കൊണ്ടുവരേണ്ടത്. നബി(സ)തിരുമേനിയുടെ സന്ദേശം ലോകത്തെത്തിക്കേണ്ടതാണ്. തൗഹീദ് സ്ഥാപിക്കേണ്ടതാണ്. സൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ടതാണ്. ഇത് ഏതെങ്കിലും മാനുഷികമായ കാര്യങ്ങളൊന്നുമല്ല. മറിച്ച് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ആത്മാർഥരും ഹൃദയംകൊണ്ടു സ്നേഹിക്കുവരുമായ സംഘത്തെ വർധിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അവർ അവിടത്തെ ജോലി പൂർത്തിയാക്കുന്നതിനുവേണ്ടി എല്ലാ ത്യാഗങ്ങളും ചെയ്യുന്നവരായിരിക്കും.

തന്റെ ജമാഅത്തിന്റെ കൂറ് വിവരിച്ചുകൊണ്ട് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ (റ)ചരിത്രത്തിൽ എങ്ങും ലഭിക്കാത്ത സത്യസന്ധതയുടേയും കൂറിന്റേയും അതുല്യമായ മാതൃകയാണ് കാണിച്ചത്. അവർ ആ മഹാത്മാവിനുവേണ്ടി എല്ലാ തരത്തിലുള്ള വിഷമങ്ങളും സഹിക്കുന്നത് ലളിതമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ പ്രിയപ്പെട്ട പിറന്ന നാടുകൂടി ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധമനസാമഗ്രികളിൽനിന്നും ബന്ധുക്കളിൽനിന്നും വേർപ്പെട്ടു." പറയുന്നു:"ഇപ്രകാരം അല്ലാഹു എന്റെ ജമാഅത്തിനും അവരുടെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതായി ഞാൻ കാണുന്നു. ആ കൂറിന്റേയും സത്യസന്ധതയുടേയും മാതൃക അവർ കാഴ്ചവെക്കുന്നു."(മൽഫൂദാത്ത് വാള്യം 1 പേജ് 336-337 1985 ലണ്ടൻ പതിപ്പ്) അതായത് ജമാഅത്തിന്റെ ഈമാനും അവരുടെ അവസ്ഥയും എത്രമാത്രമാണോ അതനുസരിച്ച് സ്വഹാബാക്കളുടെ സ്ഥാനം വളരെ ഉയർന്നതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ആ മഹാത്മാവിന്റെ കൈയിൽ ബയ്അത്ത് ചെയ്ത സ്വഹാബാക്കളുടെ സ്ഥാനവും ഉന്നതമായിരുന്നു.

പിന്നീട് ജമാഅത്തിന്റെ സാമ്പത്തികത്യാഗത്തെ കുറിച്ച് അവിടന്ന് പറയുന്നു:" അവർ എന്റെ ദീനീപരമായ ഉദ്ദേശ്യത്തിലും ലക്ഷ്യത്തിലും എപ്പോഴും മനസ്സു തുറന്ന് ചന്ദകൾ(വരിപ്പണം)നല്കി."പറയുന്നു:"ഓരോ വ്യക്തിയും ഏറ്റിറക്കത്തോടെ തങ്ങളുടെ കഴിവും ശക്തിയും അനുസരിച്ച് പങ്കെടുക്കുന്നു. അവർ എത്രമാത്രം ആത്മാർഥതയോടും കൂറോടുംകൂടിയാണ് ചന്ദകളിൽ പങ്കെടുക്കുന്നതെന്ന് അല്ലാഹുവാണ് നന്നായി അറിയുന്നവൻ." പറയുന്നു:"സ്വഹാബാക്കൾ അങ്ങേയറ്റം ബുദ്ധിമുട്ടിയിരുന്ന കാലത്ത് കാണിച്ചിരുന്ന സത്യസന്ധതയും കൂറും ജമാഅത്ത് കാണിച്ചുവെന്ന് എനിക്ക് നല്ലവണ്ണം അറിയാം."(മൽഫൂദാത്ത് വാള്യം 1 പേജ് 338, 1985 ലണ്ടൻ പതിപ്പ്). അതായത് ഞെരുക്കത്തിന്റെ നേരത്ത് കാണിച്ചിരുന്നു. ഒരു അവസരത്തിൽ അവിടന്ന് ജമാഅത്തംഗങ്ങളുടെ ത്യാഗത്തിന്റെ നിലവാരം കണ്ട്, എങ്ങനെയാണ് ഇക്കൂട്ടർ ഇത്രമാത്രം ത്യാഗം ചെയ്യുന്നതെന്ന് കണ്ട് അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി.

ഭൗതികമായ ആഗ്രഹങ്ങളെ പിന്തള്ളിക്കൊണ്ട്, പിന്നിലാക്കിക്കൊണ്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്ന വിപ്ലവമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിക്കുന്നവരിൽ ഉണ്ടാക്കിയത്. പക്ഷേ, തന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്ത് വിശ്വസിച്ചവരിൽ അവിടന്ന് ഉണ്ടാക്കിയ ത്യാഗത്തിന്റെ ആത്മാവ് അതോടെ അവസാനിച്ചുവോ? അത് അക്കാലത്തേക്ക് മാത്രമായിരുന്നുവോ? അങ്ങനെയായിരുന്നെങ്കിൽ, അങ്ങനെയാണെങ്കിൽ പിന്നീട് ജമാഅത്തിന്റെ ചുവട് ഒരിക്കലും അഭിവൃദ്ധിപ്പെടുന്നതാകുമായിരുന്നില്ല. അഭിവൃദ്ധിയിലേക്കുയരുകയുമില്ല. നിനക്ക് ഭൂമിയുടെ അറ്റങ്ങൾവരെ ആദരവോടുകൂടി പ്രശസ്തി നല്കുന്നതാണെന്നും അല്ലാഹു അദ്ദേഹത്തോട് വാഗ്ദാനം ചെയ്തിരുന്നു. ഇതിനുവേണ്ടി ആത്മാർഥരും സകലവും സമർപ്പിച്ചവരും ത്യാഗങ്ങൾ ചെയ്യുന്നവരുമായ ജമാഅത്തിന്റേയും ആവശ്യമുണ്ടായിരുന്നു. ഇപ്രകാരം തന്നെ അദ്ദേഹത്തിനുശേഷം ഖിലാഫത്ത് വ്യവസ്ഥിതി തുടങ്ങുമെന്നുള്ള സന്തോഷവാർത്തയും അല്ലാഹുവിൽനിന്ന് അറിയിപ്പു കിട്ടിയതനുസരിച്ച് അദ്ദേഹം അറിയിക്കുകയുണ്ടായി. ഖിലാഫത്ത് അദ്ദേഹം തുടങ്ങിവച്ച പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. ഖിലാഫത്തുമായി ചേർന്നുനിന്നുകൊണ്ട് ആത്മാർഥരായിട്ടുള്ളവർ ഈ പ്രവൃത്തി ചെയ്യുന്നതായിരിക്കും. അങ്ങനെ അല്ലാഹു തന്റെ വാഗ്ദാനങ്ങൾ എങ്ങനെയാണ് പൂർത്തിയാക്കിക്കൊണ്ടുപോകുന്നതെന്ന് ഇന്ന് നമ്മൾ കാണുന്നു. ആത്മാർഥരായവരുടെ ഒരു ജമാഅത്തുണ്ട്. അവർ ഖിലാഫത്തുമായി ചേർന്നുനിന്നുകൊണ്ട് ജീവൻ, ധനം, സമയം തുടങ്ങിയ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഇന്നു ഞാൻ തഹ്രീക്കെ ജദീദിന്റെ പുതുവർഷപ്രഖ്യാപനവും നടത്തുന്നതാണ്. അതുകൊണ്ട് സാമ്പത്തികത്യാഗവുമായി ബന്ധപ്പെട്ട കുറച്ചാളുകളുടെ സംഭവങ്ങളും സമർപിക്കുകയാണ്. വെറും സമ്പന്നരാഷ്ട്രങ്ങളിലല്ല മറിച്ച് ദരിദ്രരാഷ്ട്രങ്ങളിലെ അഹ്മദി, പുതിയതായി ജമാഅത്തിൽ ചേർന്നതിനുശേഷം എങ്ങനെയാണ് അല്ലാഹു അവരുടെ മനസ്സ് തികച്ചും തിരിച്ചുവിടുന്നത്. അത്ഭുതം തോന്നുന്നു. ഞെരുക്കങ്ങളുണ്ടായിട്ടും ത്യാഗങ്ങളിൽ മുന്നോട്ടു കുതിക്കുന്നവരാണവർ.

ഗിനികൊണാക്രി(Guinea Conakry) യിലെ മുബല്ലിഗ് ഇൻചാർജ് എഴുതുന്നു:'ഇവിടെത്തെ ഒരു ജമാഅത്താണ് സോമ്പോയാടി (Soumbouyady). അവിടെത്തെ മസ്ജിദിലെ ഇമാം തങ്ങളുടെ മസ്ജിദോടുകൂടി ഈ വർഷം ജമാഅത്തിൽ പ്രവേശിച്ചവരാണ്. അദ്ദേഹത്തോടു ജമാഅത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയെക്കുറിച്ചും തഹ്രീക്കെ ജദീദിന്റെ പ്രാധാന്യത്തെ കുറിച്ചും പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ തന്നെയും ചന്ദയേയും സക്കാത്തിനേയും കുറിച്ച് ധാരാളം പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതാണ്. പക്ഷേ, ഇത്രമാത്രം ശക്തവും എല്ലാം അടങ്ങുന്നതുമായ സാമ്പത്തിക വ്യവസ്ഥിതി മറ്റെങ്ങും കണ്ടിട്ടില്ല. ഇത്തരം വ്യവസ്ഥിതിയെക്കുറിച്ച് കേട്ടിട്ടുമില്ല. അങ്ങനെ അദ്ദേഹം അതേ സമയം ചന്ദ അടച്ചു. എന്നിട്ടു പറഞ്ഞു:'ഇനിയങ്ങോട്ടു എല്ലാ മാസവും ഞങ്ങളുടെ ജമാഅത്തിലുള്ളവരെല്ലാം ചന്ദ നല്കുന്നതാണ്.' ഇവർ ദരിദ്രപ്രദേശങ്ങളിൽ വസിക്കുന്നവരാണ്. പാശ്ചാത്യ ദേശങ്ങളിലേയും യൂറോപ്പിലേയും ദാരിദ്ര്യത്തിന്റെ നിലവാരത്തെക്കാൾ അങ്ങേയറ്റം താഴെക്കിടയിലുള്ളവരാണ്. പക്ഷേ, ത്യാഗങ്ങളിൽ ഇവർ ഏറ്റവും ഉന്നതിയിലെത്തുന്നവരാണ്.'

ഇത് ഒരു രാജ്യത്തെ കഥയല്ല. പ്രത്യുത ഈ കാറ്റ് ലോകത്തിന്റെ ഒരുപാട് രാജ്യങ്ങളിൽ വീശിക്കൊണ്ടിരിക്കുന്നു. ആദ്യം ഗിനികൊണാക്രി(Guinea Conakry) കുറിച്ചാണ് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ ഐവറി കോസ്റ്റിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: ഞങ്ങൾ തബ്ലീഗ് ചെയ്യുന്നതിനായി കോപിംഗോ (Kopingue) എന്ന ഗ്രാമത്തിൽ പോയി. അവർക്ക് ജമാഅത്തിന്റെ സന്ദേശമെത്തിച്ചു. എല്ലാ പുരുഷന്മാരും സ്ത്രീകളും വളരെ ശ്രദ്ധയോടുകൂടി ഞങ്ങളുടെ തബ്ലീഗ് കേട്ടു. ഒരു സ്നേഹിതൻ പറഞ്ഞു: മുമ്പേയും ഇവിടെ ധാരാളം ആളുകൾ തബ്ലീഗിനായി വന്നിട്ടുണ്ട്. പക്ഷേ, ഇത്തരത്തിലുള്ള മനോഹരമായ സന്ദേശം മുമ്പൊരിക്കലും ഞങ്ങൾ കേട്ടിട്ടില്ല. അതിനുശേഷം മുന്നൂറിനടുത്ത് ആളുകൾ അപ്പോൾതന്നെ ജമാഅത്തിൽ ചേർന്നു. പിന്നീട് ജമാഅത്തിന്റെ സാമ്പത്തികവ്യവസ്ഥിതിയേയും തഹ്രീക്കെ ജദീദിനേയും കുറിച്ചു പറഞ്ഞു. സംസാരത്തിന്നിടയിൽ ഇന്ന് തഹ്രീക്കെ ജദീദിന്റെ വർഷാവസാന ദിവസമാണെന്നുകൂടി പറഞ്ഞപ്പോൾ ഗ്രാമത്തിന്റെ ചീഫും ഇമാമും ഗ്രാമവാസികളോടു പറഞ്ഞു: 'നമ്മൾ ഇന്നാണ് അഹ്മദിയായത് എന്നതിൽ സംശയമില്ല. അഹ്മദിയ്യത്തിൽ ഇന്നാണ് നാം പ്രവേശിച്ചത്. പക്ഷേ, ഏതുരീതിയിലും ഈ അനുഗൃഹീത പദ്ധതിയിൽ നമ്മൾ ചേരുന്നതായിരിക്കും.' അങ്ങനെ ഗ്രാമവാസികൾ പെട്ടെന്ന് പത്തായിരം ഫ്രാങ്ക് (Franc)സ്വരുക്കൂട്ടി തഹ്രീക്കെ ജദീദിന് കൊടുത്തു.

പിന്നെ ത്യാഗത്തിന്റെ ഒരു സംഭവം മറ്റൊരു ആഫ്രിക്കൻ രാജ്യമായ ടാൻസാനിയാ(Tanzania)യിലെ മവാൻസാ റീജിയൺന്റേതാണ്. അവിടെത്തെ ഒരു സനേഹിതന്റെ തഹ്രീക്കെ ജദീദിന്റെ വാഗ്ദാനം രണ്ട് ലക്ഷം ഷില്ലിംങായിരുന്നു. അതിൽനിന്ന് അദ്ദേഹം ഒരു ലക്ഷം ഷില്ലിംങ് കൊടുത്തുകഴിഞ്ഞിരുന്നു. ഒരു ലക്ഷമാണ് കുടിശ്ശികയുണ്ടായിരുന്നത്. അദ്ദേഹം പറയുന്നു: ഇപ്പോൾ താങ്കളുടെ ഒരു ലക്ഷം ഷെല്ലിംഗ് കുടിശ്ശികയുണ്ടെന്നും തഹ്രീകെ ജദീദിന്റെവർഷം തീരാൻ പോവുകയാണെന്നും ഒക്ടോബർ മാസത്തിൽ അമീർ സാഹിബ് അദ്ദേഹത്തോട് പറഞ്ഞു. താനിപ്പോൾ യാത്രയിലാണെന്നും എങ്കിലും, എന്തെങ്കിലും ഏർപ്പാട് ചെയ്യാമെന്നും അദ്ദേഹം അമീർ സാഹിബിനെ അറിയിച്ചു. അങ്ങനെ അദ്ദേഹം ഒരു ബസ് ഡ്രൈവറിന്റെ കൈയിൽ ഈ തുക കൊടുത്തുവിട്ടു. ഇത് തന്റെ ചന്ദയാണെന്നും ഇത് കൊടുക്കേണ്ടത് വളരെ നിർബന്ധമാണെന്നും അവിടെ എത്തിയാലുടൻ ഈ മുഴുവൻ തുകയും മുഅല്ലിമിന് കൊടുക്കണമെന്നും അദ്ദേഹം അയാളോടു പറഞ്ഞു. മുഅല്ലിമിന്റെ പേരും മേൽവിലാസവും പറഞ്ഞു കൊടുക്കുകയും ചെയ്തു.

അങ്ങനെ ആ ബസ് ഡ്രൈവർ ബസ്റ്റാന്റിൽ എത്തിയ ഉടനെ മുഅല്ലിം സാഹിബിന് ഫോൺ ചെയ്ത് താങ്കളുടെ ഒരു അമാനത്ത് തന്റെ കൈയിലുണ്ടെന്നും വന്നു കൊണ്ടുപോവുക എന്നും ഡ്രൈവർ അറിയിച്ചു. മുഅല്ലിം ചന്ദ വാങ്ങുന്നതിന് പോയി. താനും അഹ്മദിയാകാൻ ആഗ്രഹിക്കുന്നുവെന്ന് ഡ്രൈവർ മുഅല്ലിമിനോടു പറഞ്ഞു. ആ ബസ് ഡ്രൈവറുടെ ഭാര്യയും മക്കളും ആദ്യമേതന്നെ അഹ്മദിയ്യായി കഴിഞ്ഞിരുന്നു. അയാൾ ബയ്അത്ത് ചെയ്തിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'ഇക്കാര്യം എന്നെ വളരെ ആകർഷിച്ചിരിക്കുന്നു. മനുഷ്യൻ ധനത്തെ വളരെയധികം സ്നേഹിക്കുന്ന ഈ ഭൗതിക കാലഘട്ടത്തിൽ, -ഞങ്ങളാണെങ്കിൽ ദരിദ്രപ്രദേശത്തുള്ളവരാണ്-അല്ലാഹുവിന്റെ വഴിയിൽ ധനം നൽകി യഥാർഥമായ സന്തോഷവും സമാധാനവും പ്രാപിക്കുന്ന ഇത്തരക്കാരെ എങ്ങനെയാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്.' ഇപ്രകാരം ഡ്രൈവർ മുഖേന തന്റെ ചന്ദ അയച്ച അഹ്മദീ സഹോദരന്റെ ചന്ദയ്ക്ക്, ഒരു അനഹ്മദിയെ അഹ്മദിയ്യത്തിൽ ചേർക്കാൻ നിമിത്തമായി. ഇതാണ് സദുദ്ദേശ്യത്തോടുകൂടി നൽകപ്പെടുന്ന ചന്ദകൾ. ഇതിന്റെ ഫലങ്ങൾ പെട്ടെന്നുണ്ടാകുന്നു. താനിഷ്ടപ്പെട്ട ധനത്തിൽനിന്ന് സാമ്പത്തികത്യാഗം ചെയ്തു. അതൊരു സൗഭാഗ്യമായ ആത്മാവിന്റെ പരിഷ്കരണത്തിന് നിമിത്തമായി. ഇപ്രകാരം അല്ലാഹു ഫലം നല്കുന്നതിന് വിവിധ മാർഗങ്ങൾ ഉപയോഗിക്കുന്നു.

ഇതുപോലെ സെനഗൽ(Senegal)ന്റെ അമീർ സാഹിബ് എഴുതുന്നു: നമ്മുടെ ജമാഅത്തിലെ ഒരംഗം ഉമർ സാഹിബിന്റെ പിതാവ് അനഹ്മദിയായിരുന്നു. അദ്ദേഹം ഗിനികൊണാക്രി(Guinea Conakry)യിൽനിന്ന് ഗുരുതരമായ രോഗാവസ്ഥയിലാണ് വന്നത്. പ്രാഥമിക മരുന്നുകൾക്കും ചെക്കപ്പിനുംശേഷം ഡോക്ടർമാർ ഓപ്പറേഷൻ വേണമെന്ന് പറഞ്ഞു. പക്ഷേ, ഉമർ ദയാലു സാഹിബിന്റെ പക്കൽ ഓപ്പറേഷൻ നടത്താൻതക്ക പൈസയുണ്ടായിരുന്നില്ല . ഇത്രവലിയ തുക കടം മേടിക്കുകയെന്നതും അദ്ദേഹത്തിന് പ്രയാസമായിരുന്നു. അദ്ദേഹം വളരെ ബുദ്ധിമുട്ടി. പറയുന്നു ഒക്ടോബർ മാസത്തിന്റെ ആദ്യആഴ്ച ആരംഭിച്ചു. ജുമുഅ ഖുത്ബയിൽ ഞാൻ തഹ്രീക്കെ ജദീദിനെക്കുറിച്ച് പറഞ്ഞു. അടുത്ത ദിവസം ഉമർ സാഹിബ് മിഷൻ ഹൗസിൽ വന്ന് തന്റെ തഹ്രീക്കെ ജദീദ് ചന്ദയുടെ രസീത് മുറിക്കാൻ പറഞ്ഞു. അമീർ സാഹിബ് പറയുന്നു:എനിക്കദ്ദേഹത്തിന്റെ അവസ്ഥ അറിയാമായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: താങ്കളുടെ ഇപ്പോഴത്തെ അവസ്ഥകൾ ഇങ്ങനെയാണ്. പിതാവ് സുഖമില്ലാതെ കിടക്കുകയാണ്. താങ്കൾക്ക് ഇപ്പോൾ എങ്ങനെയാണ് ഈ ത്യാഗം ചെയ്യാൻ കഴിയുക? അദ്ദേഹം പറഞ്ഞു: 'ഇന്നലെ നിങ്ങൾ ഖുത്ബ കൊടുത്തില്ലേ. ഇത് അല്ലാഹുവുമായിട്ടുള്ള കച്ചവടമാണ്. ഞാൻ അല്ലാഹുവുമായിട്ട് കച്ചവടം ചെയ്യാൻ വന്നതാണ്. അതുകൊണ്ട് താങ്കൾ എന്റെ രസീത് മുറിക്കുക.' ഇദ്ദേഹം പറയുന്നു: ഞാൻ രണ്ട് ദിവസത്തിനുശേഷം അദ്ദേഹത്തിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ പിതാവിനെ കാണാൻ പോയി. അദ്ദേഹത്തിന്റെ പിതാവ് വെളിയിൽ കസേരയിൽ ഇരിക്കുകയായിരുന്നു. ഉമർ സാഹിബ് കുറച്ചു കഴിഞ്ഞാണ് വന്നത്. അദ്ദേഹം പറഞ്ഞു: 'ഇന്ന് എന്റെ കച്ചവടം വിജയിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിതാവ് തികച്ചും ആരോഗ്യവാനാണ്. വേദനയൊന്നുമില്ല. കുറച്ചുദിവസത്തിനുശേഷം ഡോക്ടർ വീണ്ടും ചെക്കപ്പ് ചെയ്തു. ഇനി ഓപ്പറേഷന്റെയൊന്നും ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. ഈ സംഭവത്തിനുശേഷം അദ്ദേഹത്തിന്റെ പിതാവും ബയ്അത്ത് ചെയ്തു. ഇത് വല്ലപ്പോഴുമൊക്കെ നടക്കുന്ന രൊക്ക കച്ചവടമാണ്. ഇത് അല്ലാഹു ചെയ്യുന്നതാണ്. കഴിഞ്ഞയാഴ്ചയിൽ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിലും ഞാൻ ഇവിടെത്തെ ഒരു വ്യക്തിയെക്കുറിച്ച് എങ്ങനെയാണ് അദ്ദേഹം മസ്ജിദിന്റെ സേവനത്തിന് മുൻഗണന നൽകിയതെന്ന് പറഞ്ഞിരുന്നു. അല്ലാഹു അസാധാരണമായ നിലയിൽ അദ്ദേഹത്തിനുവേണ്ടി വൻതുകയ്ക്കുള്ള ഏർപ്പാട് ചെയ്തു. ഒരു ഭൗതിക ചിന്താഗതിക്കാരൻ ഇത് യാദൃശ്ചികമെന്ന് മനസ്സിലാക്കിയാക്കാം. പക്ഷേ, ദൈവത്തിൽ വിശ്വസിക്കുന്നവൻ ഈ കാര്യത്തിൽ തീർച്ചയായും അല്ലാഹുവിന്റെ ഫള്ലാണെന്ന് ദൃഢമായും വിശ്വസിക്കുന്നു.

ഇപ്രകാരം കോംഗോ കിൻഷാസ(Congo Kinshasa) യിലെ ഒരു ജമാഅത്താണ് വുൻഡാ മുലുൻഡേ(Vunda Mulunde). ഒരഹ്മദി സ്നേഹിതൻ അയ്യൂബ് കുക്ക

ണ്ടോളോ(Ayyoob Kukondlo) സാഹിബ് പറയുന്നു: 'ഞാൻ ആദ്യം ജമാഅത്തിന്റെ പ്രവർത്തനങ്ങളിലൊന്നും പങ്കെടുത്തിരുന്നില്ല. എന്റെ മകൻ എപ്പോഴും സുഖമില്ലാതെ കിടപ്പായിരുന്നു. അവന്റെ ചികിത്സയ്ക്ക് ഒരുപാട് പണം ചെലവഴിച്ചുകൊണ്ടിരുന്നു.' അദ്ദേഹം തുടർന്നു പറയുന്നു: 'പിന്നീട് എനിക്ക് ലോക്കൽ ആമിലായിൽ സെക്രട്ടറി മാലിന്റെ ചുമതല തന്നു. എന്നെ സെക്രട്ടറിമാൽ ആക്കിയ സ്ഥിതിക്ക് എന്റെ സാമ്പത്തിക ത്യാഗവും ജമാഅത്തിന് മാതൃകയാവേണ്ടതല്ലേ എന്ന് അപ്പോൾ ഞാൻ ചിന്തിച്ചു.' നോക്കുക! വളരെ ദൂരത്ത് വസിക്കുന്ന ഒരു രാജ്യത്തിലെ ചെറിയ സ്ഥലത്തെ ഒരു സാധുവായ മനുഷ്യന് തന്നെ സെക്രട്ടറിമാലാക്കിയ സ്ഥിതിക്ക് തന്റെ സാമ്പത്തികത്യാഗത്തിന്റെ നിലവാരവും മറ്റുള്ളവരേക്കാൾ മികച്ചതാകണമെന്ന ചിന്തയുണ്ടായി. അദ്ദേഹം പറയുന്നു: ഞാൻ മുടങ്ങാതെ ചന്ദ കൊടുക്കാൻ തുടങ്ങി. ചന്ദയുടെ ബർക്കത്തുകൊണ്ട് എന്റെ അവസ്ഥകളിലും പരിവർത്തനമുണ്ടാകാൻ തുടങ്ങി. ജീവിതം സമാധാനപരവും സന്തോഷകരവുമായി. എന്റെ മകനും അല്ലാഹുവിന്റെ കൃപയാൽ രോഗങ്ങളിൽനിന്ന് സുരക്ഷിതനായി. ഇതെല്ലാം ജമാഅത്തിനു വേണ്ടി ചെയ്യുന്ന സേവനത്തിന്റേയും സാമ്പത്തികത്യാഗത്തിന്റേയും ഫലമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

'വയറുമുറിച്ച് ത്യാഗം ചെയ്യുക' എന്ന ഒരു ചൊല്ല് പറയാറുണ്ട്. അത് കേട്ടിരുന്നു, പക്ഷേ, ഇത്തരം സംഭവങ്ങൾ മുന്നിൽ വരാത്തിടത്തോളം അതിന്റെ യാഥാർഥ്യം വരെ മനുഷ്യനെത്താൻ സാധിക്കുകയില്ല. ദരിദ്രജനങ്ങളുടെ ത്യാഗത്തിന്റെ നിലവാരം കാണുമ്പോൾ ഇക്കാര്യങ്ങൾ മുന്നിൽ വരുന്നു.

ഗാംബിയാ(Gambia)യിൽ ഈഡാ(Yeeda) ഗ്രാമത്തിലെ ഒരു സ്ത്രീ അഹ്മദിയ്യത്ത് സ്വീകരിച്ചു. തഹ്‌രീക്കെ ജദീദിനെക്കുറിച്ച് അവരോട് പറഞ്ഞപ്പോൾ ആ സ്ത്രീ പറഞ്ഞു: 'എന്റെ വീട്ടിൽ അരി വാങ്ങുന്നതിന് വെറും നൂറ് ദലാസി(Dalasi) കിടപ്പുണ്ട്. അരിയാണെങ്കിൽ കഴിഞ്ഞിരിക്കുകയാണ്.' അവരുടെ ഏക മകനാണ് കുടുംബത്തെപോറ്റിയിരുന്നതെന്നും രണ്ടുവർഷമായി അവനെ കാണാനില്ലെന്നും മരിച്ചിട്ടുണ്ടാകുമെന്നാണ് ജനങ്ങൾ പറയുന്നതെന്നും അവനെക്കുറിച്ച് ഒരു വിവരവുമില്ലെന്നും അവർ പറഞ്ഞു. പക്ഷേ, അതിനോടൊപ്പം ആ സ്ത്രീ പറഞ്ഞു: 'സാരമില്ല. ഞാൻ അഡ്ജസ്റ്റ് ചെയ്തോളും. ഭക്ഷണത്തിന് എവിടെന്നെങ്കിലും കടം വാങ്ങാം. ഈ തുക ഞാൻ തഹ്‌രീക്കെ ജദീദിന്റെ ചന്ദയിൽ നല്കുകയാണ്. അല്ലാഹു സ്വയം എന്തെങ്കിലും ഏർപ്പാട് ചെയ്തുതരും.' ഈ സംഭവത്തിന് മൂന്നു ദിവസത്തിനുശേഷം രണ്ടു വർഷമായി കാണാതിരുന്ന അവരുടെ മകൻ തിരിച്ചുവന്നു. അവൻ പത്ത് ചാക്ക് അരിയും കൊണ്ടുവന്നിരുന്നു. വൻതുകയുമായിട്ടാണ് വന്നത്. അവൻ പറഞ്ഞു: എന്നെ കാണാതിരുന്ന കാലത്ത് ഞാൻ നിർമാണപ്രവൃത്തികൾ പഠിച്ചുകൊണ്ടിരുന്നു. ഇപ്പോൾ നഗരത്തിൽ താമസിക്കുമ്പോൾ വളരെയധികം കരാറുകൾ എനിക്ക് കിട്ടി.' ഈ സ്ത്രീ പറയുന്നു: ഇത് എന്റെ ഈ സമയത്തുള്ള സാമ്പത്തിക ത്യാഗത്തിന്റെ അനുഗ്രഹമാണ്. ഞാൻ ഇനി അധികമധികമായി ചന്ദകളിൽ പങ്കെടുക്കുന്നതായിരിക്കും.

ഇത് വിപ്ലവമല്ലേ? ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന കാരണത്താൽ ദൂരദൂരത്തുള്ള ആളുകളിൽ അല്ലാഹു ഉണ്ടാക്കിയ വിപ്ലവമല്ലേ? തീർച്ചയായും ആണ്. ആ സ്ത്രീയുടെ ഈമാനികാവസ്ഥ നോക്കുക. ഏതുനിലവരെ അത് എത്തിയിരിക്കുന്നു. അവർ അവരുടെ വിശപ്പ് വകവെച്ചില്ല. പിന്നീട് അല്ലാഹു അവരോട് അത്ഭുതകരമായ രീതിയിൽ പെരുമാറി.

മാലി (Mali)യിൽനിന്ന് മുബല്ലിഗ് എഴുതുന്നു: ഒരു അഹ്മദി സ്ത്രീയുണ്ട്. 80 വയസ്സാണ് അവരുടെ പ്രായം. പതിവായി ചന്ദ കൊടുത്തിരുന്നു. ഒരുദിവസം വീട്ടിൽനിന്ന് നടന്ന് ഒരുകിലോമീറ്റർ അകലെയുള്ള മിഷൻ ഹൗസിൽ അവർ വന്നു. ഉഷ്ണംകൊണ്ട് അവരുടെ അവസ്ഥ വല്ലാത്തതായിരുന്നു. ആ രാജ്യങ്ങളിൽ ഉഷ്ണവും കൂടുതലാണ്. നിങ്ങൾ എന്നോട് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ അവിടെ വന്ന് നിങ്ങളുടെ ചന്ദ വാങ്ങുമായിരുന്നുവല്ലോ എന്ന് മുബല്ലിഗ് സാഹിബ് അവരോടു പറഞ്ഞു. അപ്പോൾ ആ വൃദ്ധ പറഞ്ഞു, 'സാമ്പത്തികത്യാഗത്തിന്റെ പ്രാധാന്യമെന്താണെന്ന് എനിക്ക് അറിവ് ലഭിച്ചതുമുതൽ അതിന്റെ പുണ്യം നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചില്ല. ഒന്ന് ഞാൻ നടന്നുവന്നു. രണ്ട് റിക്ഷയിൽ വന്നാൽ വണ്ടിക്കൂലി കൊടുക്കണം. അതും ഞാൻ ചന്ദയിൽ കൊടുക്കും.' ദൂരദൂര പ്രദേശങ്ങളിൽ ഇരിക്കുന്ന ജനങ്ങളുടെ നിലവാരമാണിത്. അല്ലാഹു ഏതുരീതിയിലാണ് അഹ്മദികളുടെ വിശ്വാസങ്ങളെ വ്യക്തിപരമായ അനുഭവങ്ങളിലൂടെ കടത്തിവിട്ട് ശക്തിപകരുന്നത്. അതും എല്ലാ സംഭവങ്ങളിൽനിന്നും പ്രകടമാണ്.

ബെനിൻ(Benin)നിലെ മുഅല്ലിം സക്കറിയാ സാഹിബ് ഒരു സംഭവം എഴുതുന്നു. സിൻവെ പോത്താ (Sinwe Kpota) ജമാഅത്തിന്റെ പ്രസിഡണ്ടിന്റെ ജോലി പോയി. ഇക്കാരണത്താൽ അദ്ദേഹം വളരെ പ്രയാസത്തിലായിരുന്നു. ആ നാളുകളിൽ അദ്ദേഹത്തോട് തഹ്‌രീക്കെ ജദീദിനെക്കുറിച്ച് ഓർമപ്പെടുത്തി. കുറച്ചു ദിവസത്തിനുശേഷം അദ്ദേഹം പറഞ്ഞു: എനിക്ക് ചന്ദ ഓർമ വന്നപ്പോൾ അല്ലെങ്കിൽ ഓർമിപ്പിച്ചപ്പോൾ ശക്തമായ ചിന്തയുണ്ടായി. എനിക്ക് എന്റെ തഹ്‌രീക്കെ ജദീദിന്റെ ചന്ദകൊടുക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടാക്കിത്തരാൻ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. അദ്ദേഹം പറയുന്നു: ഞാൻ രാത്രിയിലും വളരെ അസ്വസ്ഥതയോടെയാണ് കഴിഞ്ഞിരുന്നത്. രാവിലെ സുബ്ഹി നമസ്കാരം കഴിഞ്ഞ് ജോലി അന്വേഷിച്ച് അടുത്ത ഒരു ഗ്രാമത്തിൽ പോയി. അവിടെ എനിക്ക് ഒരു ജോലിയും കിട്ടിയില്ല. പക്ഷേ, ഒരു മനുഷ്യൻ തന്റെ മൃഗങ്ങളെ വിൽക്കാൻ എവിടെയോ പോവുകയായിരുന്നു. ഞാൻ അദ്ദേഹത്തെ അല്പം സഹായിച്ചു. അയാൾ എനിക്ക് അഞ്ഞൂറ് ഫ്രാങ്ക് (Franc)തന്നു.' അദ്ദേഹം പറയുന്നു: ഞാൻ ആ പൈസയിൽനിന്ന് 200 ഫ്രാങ്കുകൊണ്ട് കുറച്ച് ഭക്ഷ്യവസ്തു വാങ്ങി. നൂറ് ഫ്രാങ്ക് സ്കൂളിൽ പോകുന്നകുട്ടികൾക്ക്കൊടുത്തു. 200ഫ്രാങ്ക്(Franc)ചന്ദയും കൊടുത്തു.' അദ്ദേഹം പറയുന്നു: അല്ലാഹു ഈ നിസ്സാരമായ ത്യാഗത്തിന്റെ ഫലമായി എങ്ങനെ കൃപചൊരിഞ്ഞെന്നാൽ ചന്ദ കൊടുത്തതിന്റെ കൃത്യം നാല് ദിവസത്തിനുശേഷം അദ്ദേഹത്തിന് ജോലിയും കിട്ടി. ഇത്ര പെട്ടെന്ന് ഇങ്ങനെയൊരു ഉചിതമായ ജോലി കിട്ടുക എന്നത് കേവലം യാദൃശ്ചികമല്ല. മറിച്ച്, അല്ലാഹുവിന്റെ കൃപയാണ്. ഇത് ആഫ്രിക്കയിലെ സംഭവങ്ങളാണ്.

ഇന്ത്യയിൽനിന്ന് തഹ്‌രീക്കെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: ആന്ധ്ര-തെലുങ്കാന സംസ്ഥാനങ്ങളിലെ ഇൻസ്പെക്ടർ ശിഹാബുദ്ദീൻ സാഹിബ് പറയുന്നു:'ഹൈദരബാദിലെ ദരിദ്ര കുടുംബവുമായി ബന്ധപ്പെട്ട ഒരു സുഹൃത്തുണ്ട്. അദ്ദേഹം തന്റെ വ്യാപാരം തുടങ്ങിയത് 20000 രൂപകൊണ്ടാണ്. ഏറ്റവും ചെറിയൊരു കട നടത്തുകയാണ്. നമസ്കാര സമയങ്ങളിൽ കട അടയ്ക്കുന്നു. വർഷത്തിൽ ഒരുമാസത്തെ വരുമാനം മുഴുവൻ തഹ്‌രീക്കെ ജദീദിൽ അടയ്ക്കുന്നു.' ഇതാണ് യഥാർഥ മുഅ്മിന്റെ തേജോവിലാസം. നമസ്കാര നേരത്ത് കടയടയ്ക്കുക. പറയുന്നു: "വർഷത്തിൽ ഒരു മാസത്തെ വരുമാനം മുഴുവനും തഹ്‌രീക്കെ ജദീദിൽ അടയ്ക്കുന്നു. ഈ വർഷവും അദ്ദേഹം 60000 രൂപ തഹ്‌രീക്കെ ജദീദിൽ നല്കി. വാടകവീട്ടിലാണ് താമസിക്കുന്നത്.' ഇൻസ്പെക്ടർ സാഹിബ് പറയുന്നു:'ഒരു ദിവസം ഞാൻ അദ്ദേഹത്തോടു സ്വന്തം വീടു വാങ്ങാൻ പറഞ്ഞു.' അപ്പോൾ അദ്ദേഹം പറഞ്ഞു:'എങ്ങനെയാണോ നടക്കുന്നത് അതുപോലെ നടക്കട്ടെ. ലോകം അല്ലെങ്കിൽത്തന്നെ നാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. ധനം സ്വരുക്കൂട്ടിവയ്ക്കേണ്ട ആവശ്യമെന്താണ്. എന്തുകൊണ്ട് എനിക്കത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചുകൂടാ.'.

ഇപ്രകാരം പാകിസ്ഥാനിൽനിന്ന് നായിബ് വക്കിലുമാൽ എഴുതുന്നു: സിയാൽക്കോട്ടിലെ ഒരു ഖാദിമുമായി കൂടിക്കാഴ്ച നടന്നു. പതിനയ്യായിരം രൂപ അദ്ദേഹത്തിന്റെ വാഗ്ദാനമായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. പതിനയ്യായിരത്തിൽനിന്ന് വർധിപ്പിച്ച് ഒരു ലക്ഷമാക്കുക. അദ്ദേഹം ഒരു ലക്ഷമാക്കി. അദ്ദേഹം ചെരുപ്പുകൾ കയറ്റുമതി ചെയ്യുന്ന കച്ചവടം തുടങ്ങി. പറയുന്നു ആരംഭത്തിൽ അയ്യായിരം ചന്ദ കൊടുത്തിരുന്നു. പിന്നീട് പത്തായിരമാക്കി. പിന്നീട് കൂട്ടി. പതിനയ്യായിരംവരെ എത്തി. പിന്നീട് ലക്ഷം കൊടുത്തു. ഇപ്പോൾ അദ്ദേഹം പറയുന്നു. ചന്ദകളുടെ ബർക്കത്തുകൊണ്ട് ഏതൊരു ഫാക്ടറിയാണോ അദ്ദേഹം വാടകക്കെടുത്തിരുന്നത് ആ ഫാക്ടറിയും അദ്ദേഹം സ്വന്തമായി വാങ്ങി. കച്ചവടവും അഭിവൃദ്ധിപ്പെട്ടു.

ഇപ്രകാരം ഇന്തോനേഷ്യയിൽനിന്ന് നമ്മുടെ മുബല്ലിഗ് എഴുതുന്നു: അവിടത്തെ ഒരാൾ തന്റെ കൈയിൽ മോട്ടോർസൈക്കിളുണ്ടായിരുന്നെങ്കിൽ തനിക്ക് തന്റെ മകനോടൊപ്പം ജുമുഅ നമസ്കരിക്കാൻ വരുന്നതിന് വളരെ എളുപ്പമാകുമായിരുന്നു എന്ന് പറഞ്ഞു. ദുആ ചെയ്യാനും ചന്ദകളിൽ കൃത്യനിഷ്ഠ പാലിക്കാനും നമ്മുടെ മുബല്ലിഗ് അദ്ദേഹത്തോട് പറഞ്ഞു. അതിനുശേഷം അദ്ദേഹം തന്റേയും തന്റെ കുടുംബത്തിന്റേയും തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കാൻ തുടങ്ങി. പറയുന്നു: അല്പകാലത്തിനുള്ളിൽ അല്ലാഹു അനുഗ്രഹിച്ചു. മോട്ടോർസൈക്കിൾ വാങ്ങാൻ ഭാഗ്യം കിട്ടി. ഇപ്പോൾ ആ വീട്ടിൽ ഒന്നിനുപകരം മൂന്ന് മോട്ടോർസൈക്കിളുകളുണ്ട്. വസിയ്യത്ത് അദ്ദേഹം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വരുമാനവും കൂടിയിട്ടുണ്ട്.

ഇവിടെ കനഡയിലും ചിലയാളുകളുണ്ട്. അവരെ സംബന്ധിച്ച് അമീർ സാഹിബ് എഴുതുന്നു: 'ആയിരം ഡോളറായിരുന്നു ചന്ദ. അത് വർധിപ്പിച്ച് അയ്യായിരമാക്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൊടുക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നതിന് ആരംഭത്തിൽത്തന്നെ അത് കൊടുത്തു. മസ്ജിദിനുവേണ്ടിയും അദ്ദേഹം ഇരുപതിനായിരം ഡോളർ നല്കിയിരുന്നു.' ഇപ്രകാരം ഇവിടേയും ഈമാൻ ദൃഢീകരിക്കുന്നതിന്റെ സംഭവങ്ങളുണ്ട്. കനഡയിലെ ഒരു സ്ത്രീ പറയുന്നു:'എന്റെ വാഗ്ദാനം ആയിരം ഡോളറായിരുന്നു. പൈസ ഉണ്ടായിരുന്നില്ല. ഇന്നയാൾ പൈസ തന്നിട്ടുണ്ട്, ചെക്കാണ് തന്നിരിക്കുന്നത് എന്ന് പറഞ്ഞ് വൈകുന്നേരം ഭർത്താവിന്റെ ഫോൺ വന്നു. ആയിരം ഡോളറിന്റെ ചെക്കായിരിക്കുമല്ലേ എന്ന് ഞാൻ പറഞ്ഞു. നീ എങ്ങനെയാണ് അത് അറിഞ്ഞതെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ പറഞ്ഞു. തഹ്‌രീക്കെ ജദീദിന്റെ ചന്ദ കൊടുക്കണമായിരുന്നു. ആയിരം ഡോളറായിരുന്നു കൊടുക്കേണ്ടിയിരുന്നത്. എനിക്ക് അതിന്റെ ചിന്തയായിരുന്നു. അല്ലാഹു അത്രയും പണത്തിനുള്ള ഏർപ്പാടായിരിക്കും ചെയ്തിട്ടുള്ളതെന്ന് ഞാൻ വിചാരിച്ചു.'

ഇപ്രകാരംതന്നെ യൂറോപ്യൻ രാജ്യങ്ങളുടെ സംഭവങ്ങളുണ്ട്. ഇവിടെ പുതിയ ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുകയാണ്. ക്രൊയേഷ്യ(Croatia)യിലെ മുബല്ലിഗ് എഴുതുന്നു: 'ദാരിദ്ര്യം കാരണത്താൽ ജോലികളുടെ അവസരങ്ങൾ വളരെ കുറഞ്ഞു. വരുമാനത്തിന് മാർഗ്ഗമില്ലാത്ത വലിയൊരു വിഭാഗമുണ്ട്. ഇക്കൂട്ടർ ബന്ധുക്കളിൽനിന്നോ അല്ലെങ്കിൽ ഏതെങ്കിലും ജോലിയിൽനിന്നോ തുക എന്തെങ്കിലും കിട്ടിയാൽ ഒന്നുരണ്ടു ദിവസം അതുകൊണ്ട് കഴിച്ചുകൂട്ടും. പ്രായമുള്ള ഒരു അഹ്മദി സ്നേഹിതനുണ്ട്. അദ്ദേഹത്തിന് ജമാഅത്തിന്റെ ജോലി ചെയ്യുന്നതിൽ വളരെ താൽപര്യമായിരുന്നു. മുഴുവൻ സമയവും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ചെലവഴിച്ചു. പക്ഷേ, ജമാഅത്തിന്റെ ജോലി ചെയ്യുന്നില്ലെങ്കിൽതന്നെയും ജമാഅത്തിന് ഗുണമുണ്ടാകുന്ന എന്തെങ്കിലും കാര്യങ്ങൾ ചെയ്യാനുള്ള ശ്രമമായിരുന്നു അദ്ദേഹത്തിന്റേത്. റീസൈക്കിൾ ചെയ്യുന്നവർക്ക് കൊടുത്തിട്ട് കുറച്ച് പൈസ കിട്ടുന്നതിന് ഏകദേശം ഒരു വർഷമായി അദ്ദേഹം കാലിക്കാനുകൾ സ്വരൂപിച്ചിരുന്നു. അങ്ങനെ വർഷം മുഴുവൻ ജോലി ചെയ്തു. വെറും മുപ്പത് ഡോളറാണ് അതിനു കിട്ടിയത്. അതുകൊണ്ട് അയാൾ മിഷൻ ഹൗസിൽ വന്നു. 10 ഡോളർ ചന്ദ കൊടുത്തു. ചന്ദയുടെ വാഗ്ദാനം ഞാൻ പൂർത്തിയാക്കിയെന്നു പറഞ്ഞു. മുബല്ലിഗ് പറയുന്നു, ഈ കണക്കനുസരിച്ച് വർഷം മുഴുവനും അധ്വാനിച്ചതിന്റെ ഫലത്തിൽനിന്ന് മൂന്നിലൊന്നാണ് അദ്ദേഹം ജമാഅത്തിന് നൽകിയത്.

ജർമനിയിലെ തഹ്‌രീക്കെ ജദീദ് സെക്രട്ടറി എഴുതി: 'ഒരു സ്ത്രീയുണ്ട്. അവർ അവരുടെ പേരു വെളിപ്പെടുത്തിയില്ല. തഹ്‌രീക്കെ ജദീദിന്റെ ഓഫീസിൽ വന്നു. തന്റെ എല്ലാ ആഭരണങ്ങളും തഹ്‌രീക്കെ ജദീദിലേക്ക് നല്കി. ആഭരണങ്ങൾ എത്രയധികമായിരുന്നെന്നാൽ മേശമുഴുവൻ അതുകൊണ്ട് നിറഞ്ഞു. സ്വർണമാല, സ്വർണമോതിരങ്ങൾ, വളകൾ തുടങ്ങി ഒരുപാട് വസ്തുക്കളുണ്ടായിരുന്നു. പക്ഷേ, തന്റെ പേര് ഒരിക്കലും വെളിപ്പെടുത്തരുതെന്ന് അവർ പറഞ്ഞു. എന്റെ ത്യാഗം വെറും അല്ലാഹുവിന് മാത്രമായിരിക്കണം.' ആഭരണം


## ഇർശാദുന്നബ്‌വി(സ)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിച്ചുകൊള്ളട്ടെ."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**

**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**

**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

സ്ത്രീകളുടെ ദൗർബല്യമാണ്. പക്ഷേ, അഹ്മദീ സ്ത്രീകളാണ് ഇങ്ങനെ ത്യാഗങ്ങൾ ചെയ്യുന്നത്.

ഇവിടേയും ഒരു അഹ്മദി സ്ത്രീയെ ഞാൻ കണ്ടു. താൻ തന്റെ മുഴുവൻ ആഭരണങ്ങളും ചന്ദയിലും മസ്ജിദ് ഫണ്ടിലും മറ്റു കാര്യങ്ങൾക്കും കൊടുത്തുവെന്നും പക്ഷേ, തന്റെ ഭർത്താവിന്റെ വീട്ടുകാർക്ക് ഇത് ഇഷ്ടപ്പെട്ടില്ലെന്നും അവർ തന്നോട് എന്തിനാണ് നീ ഇത് കൊടുത്തതെന്ന് ചോദിച്ചുകൊണ്ടിരിക്കുന്നുവെന്നും എന്നല്ല പല കുത്തുവാക്കുകളും താൻ സഹിക്കുന്നുവെന്നും പറഞ്ഞു. അല്ലാഹു തനിക്കുവേണ്ടി ത്യാഗം ചെയ്യുന്നവരെ കടാക്ഷിക്കുന്നു. അല്ലാഹുവിനുവേണ്ടി ത്യാഗം ചെയ്ത ആ സ്ത്രീയേയും ഇൻശാഅല്ലാഹ് അനുഗ്രഹിക്കുന്നതാണ്, ഒരുപാട് നല്കുന്നതാണ്. പക്ഷേ അവരെ അല്ലെങ്കിൽ മറ്റാരെയെങ്കിലും സാമ്പത്തികത്യാഗത്തിൽനിന്ന് തടയുന്നവർ ചിന്തിക്കേണ്ടതാണ്; ധനം കൊടുക്കുന്നതും നന്ദികേട് കാണിക്കുന്നവരിൽനിന്ന് അത് തിരിച്ചെടുക്കുന്നതും അല്ലാഹുവാണെന്നകാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അതുകൊണ്ട് ഇത്തരം ചിന്താഗതിയുള്ളവർ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക.

റഷ്യയിലും ഒരുപാട് സംഭവങ്ങളുണ്ട്. ഒരു സ്നേഹിതൻ ലേനാർ സാഹിബ് പറയുന്നു:'അദ്ദേഹത്തിന്റെ അവസ്ഥകൾ വളരെ മോശമായിരുന്നു. വാടക ഫ്ളാറ്റിലായിരുന്നു താമസിച്ചിരുന്നത്. ഒരുപാട് സാമ്പത്തിക ബുദ്ധിമുട്ടുകളാൽ വലയം ചെയ്യപ്പെട്ടിരുന്നു. പക്ഷേ, തന്റെ ലാസ്മി ചന്ദയും തഹ്‌രീക്കെ ജദീദ് ചന്ദയും കഴിവനുസരിച്ച് കൊടുത്തു കൊണ്ടിരുന്നു.' ഈ സ്നേഹിതൻ പറയുന്നു: 'ചന്ദയുടെ ബർക്കത്തുകൊണ്ട് എന്റെ ഭാര്യയ്ക്ക് മെഡിക്കൽ കോളേജ് പഠനത്തിനുശേഷം സർക്കാരുദ്യോഗം ലഭിച്ചു. സർക്കാർ കുട്ടികളുടെ താമസത്തിന് കടവും തന്നു. ഇപ്പോൾ സാമ്പത്തികാവസ്ഥ മുമ്പേയുള്ളതിനെക്കാൾ മെച്ചപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ കൈവശം രണ്ടു കാറുകളും വന്നിരിക്കുന്നു.' ഇദ്ദേഹം പറയുന്നു: 'ഇതെല്ലാം അല്ലാഹുവിന്റെ കൃപയും ചന്ദ അടച്ചതിന്റെ ഫലവുമാണ്. ആദ്യം വളരെ പ്രയാസമുള്ള അവസ്ഥകളിലും ഞങ്ങൾ ചന്ദ കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ അല്ലാഹു ഒരുപാട് ഐശ്വര്യം നല്കിയിരിക്കുന്നു.' അല്ലാഹു റഷ്യയിൽ വസിക്കുന്ന ഒരാളേയും അനുഗ്രഹിക്കുന്നു, ആഫ്രിക്കക്കാരനേയും അല്ലാഹു അനുഗ്രഹിക്കുന്നു, ഇന്തോനേഷ്യക്കാരനേയും അല്ലാഹു അനുഗ്രഹിക്കുന്നു, മറ്റു രാജ്യങ്ങളിലുള്ളവരേയും യൂറോപ്പിലുള്ളവരേയും അല്ലാഹു അനുഗ്രഹിക്കുന്നു. അല്ലാഹുവിന്റെ ഈ പെരുമാറ്റമെല്ലാം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത പ്രിയപ്പെട്ടവരുടെ ജമാഅത്ത് നല്കുമെന്നും, അവരുടെ ഈമാൻ വർധിപ്പിക്കുമെന്നുമുള്ള വാഗ്ദാനമാണ് സ്ഥാപിക്കുന്നത്. അവർ അല്ലാഹുവിലേക്ക് മുമ്പിട്ട് പോകുന്നു.അവരെഈമാനിൽവർധിപ്പിക്കുകയുംചെയ്യുന്നു.

സാമ്പത്തിക ത്യാഗങ്ങളുടേയും അതിനുമേലുള്ള അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങളുടേയും നിരവധി സംഭവങ്ങൾ എന്റെയടുത്ത് വന്നിട്ടുണ്ട്. പക്ഷേ, അതിൽനിന്ന് ഏതാണ് എടുക്കേണ്ടതെന്നത് എനിക്കു ബുദ്ധിമുട്ടായി. കുറച്ച് ഞാൻ സമർപിച്ചു. ഞാൻ പറഞ്ഞതുപോലെ ഏകദേശം എല്ലാരാജ്യത്തുമുള്ളവരോടും അല്ലാഹുവിന്റെ പെരുമാറ്റം ഇതുതന്നെയാണ്. അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ആരാണോ അവനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നത് അല്ലാഹു അവരെ അതിരറ്റ് കടാക്ഷിക്കുന്നു. ഒരു ബുദ്ധിയുള്ളവനെ സംബന്ധിച്ചിടത്തോളം അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിന് ഈ തെളിവ് മതിയായതാണ്. എങ്ങനെയാണ് ത്യാഗങ്ങളുടെ ഫലമായി അല്ലാഹു ത്യാഗങ്ങൾ ചെയ്യുന്നവരെ അനുഗ്രഹിക്കുന്നത്. ഈ ചന്ദകൾ അല്ലഹുവിന്റെ ദീനിന്റെ പ്രചാരണത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നതുകൊണ്ടാണിത്.

ദരിദ്രരാഷ്ട്രക്കാർ ചന്ദ നല്കുന്നുവെന്നതിൽ സംശയമില്ല. പക്ഷേ, അവരുടെ ചെലവുകൾ അവരുടെ ചന്ദകളെക്കാൾ വളരെ അധികമാണ്. അതുകൊണ്ട് സമ്പന്ന രാഷ്ട്രങ്ങളിൽനിന്നു നല്കപ്പെടുന്ന ചന്ദകൾ ബജറ്റ് പൂർത്തിയാകാത്ത ആ രാഷ്ട്രങ്ങളിൽ കേന്ദ്രം ചെലവഴിക്കുന്നു. നൂറുക്കണക്കിന് സ്കൂളുകളും ഡസൻകണക്കിന് ആശുപത്രികളും മിഷൻ ഹൗസുകളും നൂറുക്കണക്കിന് മസ്ജിദുകളും ഓരോ വർഷവും നിർമിക്കപ്പെടുന്നു. അവർക്കുവേണ്ടി പണത്തിന്റെ ആവശ്യമുണ്ട്. അത് തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദയിലൂടെയാണ് പൂർത്തിയാക്കപ്പെടുന്നത്. ഇപ്രകാരം തന്നെ എം.ടി.എയ്ക്കും മില്യൺ കണക്കിനു ഡോളറാണ് ചെലവു വരുന്നത്. തർബിയ്യത്തിനും എം.ടി.എയ്ക്കും ഒരു വകുപ്പുണ്ട്. അതിൽ ആളുകൾ ചന്ദ കൊടുക്കുന്നുണ്ടെങ്കിലും ചെലവുകൾ അതിനെക്കാൾ എത്രയോ അധികമാണ്.

എം.ടി.എ യെ കുറിച്ച് ഞാൻ ഇതും പറയാനാഗ്രഹിക്കുകയാണ്. ഇവിടത്തെ പരിശോധനയനുസരിച്ച് എം.ടി.എ പ്രേക്ഷകരുടെ എണ്ണം ഉണ്ടാകേണ്ടത്ര ഉണ്ടാകുന്നില്ല. അല്ലെങ്കിൽ കുറഞ്ഞപക്ഷം എന്റെ ഖുത്ബ നേരിട്ട് കേൾക്കുന്നില്ല. ജമാഅത്ത് ഇത്രയധികം ചെലവഴിക്കുന്നത് ജമാഅത്തിന്റെ തർബിയ്യത്തിനുവേണ്ടിയാണ്. സമയവ്യത്യാസമുണ്ടെങ്കിൽ പുനഃസംപ്രേഷണം ചെയ്യുമ്പോൾ ഖുത്ബ കേൾക്കേണ്ടതാണ്. മറ്റുള്ളവർ ധരാളമായി കേൾക്കുന്നുണ്ട്. തങ്ങൾ അന്യജമാഅത്തിൽപ്പെട്ടവരാണെന്നും പക്ഷേ, താങ്കളുടെ ഖുത്ബ കേൾക്കാറുണ്ടെന്നും എന്നെ എഴുതി അറിയിക്കാറുമുണ്ട്. ഖിലാഫത്തുമായി ജമാഅത്തിനെ ബന്ധപ്പെടുത്തുന്നതിന് എം.ടി.എ യെ അല്ലാഹു ഒരു മാർഗമാക്കിയിരിക്കുകയാണ്. വീടുകളിൽ നിങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ പതുക്കപ്പതുക്കെ നിങ്ങളുടെ മക്കൾ പിന്നാക്കം പോകാൻ തുടങ്ങും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുകതന്നെ ചെയ്യും ഇൻശാ അല്ലാഹ്. മുഖ്‌ലിസ്വീംകളായവരും വരും. പുതിയതായി വരുന്നവരിൽ എത്രമാത്രം ആത്മാർഥതയാണുള്ളതെന്ന് നിങ്ങൾ കണ്ടു. പക്ഷേ, പുതിയതായി വരുന്നവർ ഇതെല്ലാം കൊണ്ടുപോകുകയും മുമ്പേയുള്ളവർ തങ്ങളുടെ പിതാവും പിതാമഹനും സ്വഹാബിയായിരുന്നവെന്നും തങ്ങൾ പണ്ടേയുള്ള അഹ്മദികളാണെന്നും പറഞ്ഞ് കുത്തിയിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്. അല്ലാഹുവിന് ആരോടും കുടുംബബന്ധമൊന്നുമില്ല. പണ്ടേയുള്ളവർ തങ്ങളെ സ്വയം അകറ്റി നിറുത്തുകയാണെങ്കിൽ, പിതാവും പിതാമഹനും സ്വഹാബിയായതുകൊണ്ടോ അവരുടെ ബന്ധുക്കളായതുകൊണ്ടോ ഒരു പ്രയോജനവുമില്ല. അതുകൊണ്ട് പശ്ചാത്താപം തുടങ്ങാൻ ഇടവരുന്നതിനുമുമ്പേ നിങ്ങളെ ഖിലാഫത്തുമായി ബന്ധിപ്പിക്കുക. അതിനുള്ള ഏറ്റവും ഉത്തമമായ മാർഗമാണ് അല്ലാഹു നല്കിയിട്ടുള്ള എം.ടി.എ. അതിനെ ഉപയോഗിക്കുക. വളരെയധികം മറ്റു നല്ല പരിപാടികളും എം.ടി.എ.യിൽ വരുന്നുണ്ട്. പക്ഷേ, കുറഞ്ഞ പക്ഷം ഖുത്ബയെങ്കിലും നിർബന്ധമായും കേൾക്കുക. മുറബ്ബിസാഹിബ് തങ്ങളെ ഖുത്ബ സംഗ്രഹംകേൾപ്പിച്ചു എന്നും അതുകൊണ്ട് അതിലെന്താണ് പറഞ്ഞതെന്ന് തങ്ങൾക്കറിയാമെന്നു പറയലല്ല. സംഗ്രഹം കേൾക്കലും പൂർണമായ ഖുത്ബ കേൾക്കലും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

ഞാൻ പറഞ്ഞതുപോലെ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷം ആരംഭിക്കുകയും കഴിഞ്ഞ വർഷം അവസാനിക്കുകയുമാണ്, അതുകൊണ്ട് ഞാൻ പുതുവർഷം പ്രഖ്യാപിക്കുന്നു. കനഡയിൽവച്ച് തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ വിളംബരം നടത്തുന്നത് ആദ്യമായാണെന്ന് ഞാൻ കരുതുന്നു.

ഈ പദ്ധതി ഇത്രമാത്രം വിശാലമായിരിക്കുന്നുവെന്നത് ജമാഅത്തിന്റെമേലുള്ള അല്ലാഹുവിന്റെ കൃപയാണ്. 1934-ൽ അഹ്റാരികൾ ജമാഅത്തിനെ ഉന്മൂലനം ചെയ്യുന്നതിനെ കുറിച്ച് സംസാരിച്ചിരുന്നു. ഖാദിയാനിലെ ഓരോ ഇഷ്ടികയും ഇളക്കിയെടുക്കുമെന്ന് വീമ്പ് പറഞ്ഞിരുന്നു. അക്കാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക്കെ ജദീദ് വിളംബരം ചെയ്ത് ലോകത്ത് മിഷണറിമാരെ അയക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. തബ്‌ലീഗിന്റെ എല്ലാം അടങ്ങിയ ഒരു പദ്ധതി ഉണ്ടാക്കി. ഇന്ന് അല്ലാഹുവിന്റെ കൃപയാൽ എല്ലാ രാജ്യത്തും അഹ്മദിയ്യാ ജമാഅത്ത് അറിയപ്പെടുന്നു. 209 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് രൂപീകരിക്കപ്പെട്ടുകഴിഞ്ഞു. ഇന്ന് ഒരു ജമാഅത്ത് എന്ന നിലയിൽ അഹ്മദിയ്യാ ജമാഅത്തിന്റെമേൽ തന്നെയാണ് ഒരിക്കലും സൂര്യനസ്തമിക്കാത്തത്. ഖാദിയാനിൽനിന്ന് അഹ്മദിയ്യത്തിന്റെ ശബ്ദം അവസാനിപ്പിക്കുമെന്ന് വീരവാദം മുഴക്കിയിരുന്ന അഹ്റാരികൾ ഇന്നെവിടെ? ഇന്ന് ലോകത്തിന്റെ ഈ പാശ്ചാത്യകോണിൽനിന്ന് മുഴുലോകത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ അവിടത്തെ ഒരു ദാസൻ, നിസാരനായ ഒരു സേവകൻ എത്തിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ചെയ്ത വാഗ്ദാനം തേജോവിലാസത്തോടെ ഇന്ന് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം തങ്ങളിൽ ഉത്തരവാദിത്വങ്ങൾ ഇട്ടുകൊണ്ടിരിക്കുന്നുവെന്ന് എല്ലാ അഹ്മദികളും ഓർക്കേണ്ടതാണ്. ഈ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടത് നിങ്ങളെല്ലാവരുടേയും നിർബന്ധ കടമയാണ്. അല്ലാഹു അതിന് തൗഫീഖും നല്കുമാറാകട്ടെ.

ഇനി ഞാൻ തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ പ്രഖ്യാപനം നടത്തുകയാണ്. മുൻസമ്പ്രദായമനുസരിച്ച് ചില വിവരങ്ങളും സമർപിക്കുകയാണ്. അല്ലാഹുവിന്റെ കൃപയാൽ തഹ്‌രീക്കെ ജദീദിന്റെ ഈ കഴിഞ്ഞുപോയ വർഷം, ഒക്ടോബർ 31 ന് അവസാനിച്ചവർഷം 82-ാം വർഷമാണ്. നവംബർ 1 മുതൽ 83-ാം വർഷം ആരംഭിച്ചു. അതാണ് ഞാൻ വിളംബരം ചെയ്തത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹ്‌രീക്കെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് ഒരു കോടി ഒമ്പതു ലക്ഷത്തി മുപ്പത്തിമൂവായിരം Pound Sterling (പൗണ്ട് സ്റ്റെർലിംഗ്)ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയിരിക്കുന്നു. അൽഹംദുലില്ലാഹ്. ഈ വസൂലി കഴിഞ്ഞ വർഷത്തെക്കാൾ എഴുപതു ലക്ഷത്തി പതിനേഴായിരം പൗണ്ട് അധികമാണ്.

ജമാഅത്തുകളുടെ പൊസിഷന്റെ അടിസ്ഥാനത്തിൽ പാക്കിസ്താൻ എന്നും ഒന്നാം സ്ഥനത്താണ്. അവരെ മാറ്റിനിറുത്തിയാൽ ഒന്നാം സ്ഥാനം ജർമനി. രണ്ട് ബ്രിട്ടൺ, മൂന്ന് അമേരിക്ക, നാല് കാനഡ, അഞ്ച് ഇന്ത്യാ, ആറ് ആസ്ത്രേലിയ, ഏഴ് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, എട്ട് ഇന്തോനേഷ്യാ, ഒമ്പത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, പത്ത് ഘാന, പതിനൊന്ന് സ്വിറ്റ്സർലാന്റ്. സ്വിറ്റ്സർലാന്റിന്റെ ആളോഹരി ചന്ദ കൂടുതലാണ്. അതുകൊണ്ടാണ് പേരെഴുതിയത്. ഇല്ലെങ്കിൽ പത്തുവരെയാണ് യഥാർഥ ലിസ്റ്റ്.

ആളോഹരി അടവിന്റെ അടിസ്ഥാനത്തിൽ അമേരിക്ക ഒന്നാം സ്ഥാനത്താണ്. പിന്നീട് യഥാക്രമം സ്വിറ്റ്സർലൻഡ്(Switzerland), യു.കെ(U.K), ഫിൻലൻഡ് (Finland),സിംഗപ്പൂർ(Singapore), ജർമനി(Germany), സ്വീഡൻ (Sweden), നോർവെ(Norway), ജപ്പാൻ(Japan), കനഡ (Canada) മിഡിൽ ഈസ്റ്റിലെ ജമാഅത്തുകളുടെ പേർ നമ്മൾ പറയാറില്ല. യഥാർഥത്തിൽ മിഡിൽ ഈസ്റ്റിലെ അഞ്ചു ജമാഅത്തുകൾ ഇവർക്കു മീതെയാണ്.

ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തത്തിലുള്ള അടവിന്റെ അടിസ്ഥാനത്തിൽ മൗറേഷ്യസാണ്(Mauritius) ഒന്നാം സ്ഥാനത്തുള്ളത്. പിന്നീട് ഘാന(Ghana), നൈജീരിയ (Nigeria), ഗാംബിയാ(Gambia), സൗത്ത് ആഫ്രിക്ക(South Africa), ബുർക്കിനാഫാസോ (Burkina Faso), കാമറൂൺ(Cameroon), സിയറ ലിയോൺ (Sierra Leone), ലൈബീരിയ(LIberia), ടാൻസനിയാ (Tanzania). മാലി (Mali)

പങ്കെടുത്തവരുടെ എണ്ണത്തിലും അല്ലാഹുവിന്റെ കൃപയാൽ ഈ വർഷം തൊണ്ണൂറായിരത്തിന്റെ വർ

(ശേഷം പേജ് 2ൽ)

## ഇർശാദുന്നബ്‌വി(സ)

"ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നന്മയുള്ളതുമാത്രം പറഞ്ഞുകൊള്ളട്ടെ."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## ഇർശാദുന്നബ്‌വി(സ)

"നമസ്കാരം അതിന്റെ നിശ്ചിത സമയത്ത് നിർവഹിക്കലാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട അമൽ അഥവാ കർമം."

(ബുഖാരി)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

## ഇർശാദുന്നബ്‌വി(സ)

"മാതൃ സഹോദരികൾ മാതാവിന്റെ സ്ഥാനത്താകുന്നു."(അതുകൊണ്ട് ഉമ്മയെപ്പോലെ അവരോടു പെരുമാറണം)

(തുർമുദി)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ · The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 15 December Issue-41

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**വിശുദ്ധഖുർആൻ വാദിക്കുന്നത് നബി(സ)തിരുമേനി മുഴുലോകത്തിനും കാരുണ്യമായിട്ട്, റഹ്മത്തുല്ലിൽ ആലമീനായി അയക്കപ്പെട്ടുവെന്നാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾ മുഴുലോകത്തും അവരുടെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നതു ശരിതന്നെ.പക്ഷേ, ഇത് അവരുടെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അല്ലെങ്കിൽ ബൈബിൾ അനുസരിച്ച് അവർക്ക് നിർബന്ധമുള്ള കാര്യമല്ല. പക്ഷേ, ഞങ്ങളുടെ അധ്യാപനങ്ങളിലും വിശുദ്ധഖുർആന്റെ വെളിച്ചത്തിലും ഇത് ഞങ്ങളുടെ നിർബന്ധമായ കടമളിൽപെട്ടതാണ്.”**

## അമീറുൽമുഅ്മിനീന്റെ കനഡ പര്യടന വേളയിൽ 2016 ഒക്ടോബർ 5 ന് ഗ്ലോബൽ ടെലിവിഷൻ ചാനലിന്റെ പ്രതിനിധി ഹുദൂറുമായി നടത്തിയ അഭിമുഖം

ഗ്ലോബൽ ന്യൂസ് ചാനലിന്റെ ജേർണലിസ്റ്റ് അമീറുൽ മുഅ്മിനീന്റെ കനഡയിലുള്ള രണ്ടാമത്തെ വരവിനെ സ്വാഗതം ചെയ്തുകൊണ്ട് ആദ്യം ചോദിച്ചത് ഇതായിരുന്നു: കനഡയ്ക്കുള്ള അങ്ങയുടെ സന്ദേശം എന്താണ്? പ്രധാനമന്ത്രി ജസ്റ്റൺ റോഡോയുമായി കൂടിക്കാഴ്ച നടത്തുന്ന സന്ദർഭത്തിൽ എന്ത് കേൾക്കാനാണ് താങ്കൾ ഇഷ്ടപ്പെടുന്നത്? പ്രധാനമന്ത്രിയിൽനിന്ന് അങ്ങ് പ്രതീക്ഷിക്കുന്നതെന്താണ്?

ഈ ചോദ്യത്തിനുള്ള മറുപടിയിൽ അമീറുൽ മുഅ്മിനീൻ പറഞ്ഞു: “നിങ്ങൾക്കറിയാം മധ്യപൂർവ്വ ദേശത്തെ മോശമായ പരിതഃസ്ഥിതി കാരണത്താൽ ലോകത്തിന്റെ അവസ്ഥകൾ അങ്ങേയറ്റം താറുമാറായിരിക്കുകയാണ്. ലോകത്തെ എല്ലാ രാജ്യങ്ങളേയും ഈ മോശമായ അവസ്ഥകൾ ബാധിച്ചിരിക്കുന്നതുകൊണ്ട് ഈ അവസ്ഥകളിൽ എന്തെങ്കിലും ചുവടുകൾ ഉയർത്തുന്നതിനു മുമ്പേ എല്ലാ തീരുമാനങ്ങളും നാം വളരെ സൂക്ഷ്മതയോടുകൂടി എടുക്കേണ്ടിവരും. ആ തീരുമാനം അവിടെത്തെ ആക്ഷൻ എടുക്കുന്നതിനെ സംബന്ധിച്ചാണെങ്കിലും വേണ്ടില്ല. ആ രാജ്യങ്ങളിലെ അഭയാർത്ഥികളെ സംബന്ധിച്ചാണെങ്കിലും വേണ്ടില്ല. ഇവർ ഇരുവരേയും സംബന്ധിച്ച് നമുക്ക് വളരെ ചിന്തിച്ചും മനസ്സിലാക്കിയും ചുവട് വെക്കേണ്ടിവരും.” ഇതുകേട്ട് ജേർണലിസ്റ്റ് പറഞ്ഞു: സൂക്ഷ്മതകൊണ്ടുള്ള ഉദ്ദേശ്യം ഒരു ചുവടും നമ്മൾ എടുക്കേണ്ട എന്നാണോ? കനഡയ്ക്ക് ഇതുസംബന്ധമായി ഒരു നടപടിയും എടുക്കേണ്ടതില്ലേ? പിന്നെ നമ്മുടെ സർക്കാരിന് ഇതിലെന്തു പങ്കാണ് വഹിക്കാനുള്ളത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: “സമാധാനം സ്ഥാപിക്കുന്നതിന് ശരിയായ മാർഗമെന്താണെന്ന് സർക്കാരിന് നോക്കേണ്ടിവരും. പക്ഷേ, അതുകൊണ്ട് അവസ്ഥകൾ കൂടുതൽ വഷളാകാൻ പാടില്ല. തദ്ദേശവാസികൾക്ക് പ്രയാസങ്ങളും ഉണ്ടാകരുത്. അവരുടെ അവകാശങ്ങളെ ബാധിക്കുകയും അരുത്. അപ്രകാരം തന്നെ അഭയാർഥികൾക്കും പ്രയാസമുണ്ടാകരുത്. അവരുടെ അവകാശങ്ങളേയും ബാധിക്കരുത്. യഥാർഥ കാര്യം ന്യായത്തോടും നീതിയോടും കൂടിയുള്ള നിബന്ധനകൾ പൂർത്തിയാക്കുക എന്നതാണ്. എല്ലാ കക്ഷികൾക്കും അവരുടെ അവകാശം നൽകണം.”

ജേർണലിസ്റ്റ് ചോദിച്ചു; താങ്കളുടെ ജമാഅത്തിനെ കുറിച്ചറിയാത്ത കനഡിയൻ ശ്രോതാക്കൾക്ക് താങ്കളുടെ ജമാഅത്ത് മധ്യപൂർവ്വ ദേശത്ത് എന്തുകൊണ്ടാണ് അക്രമത്തിന് വിധേയരാക്കപ്പെടുന്നതെന്ന് പറഞ്ഞുകൊടുക്കുമോ?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: “കേവലം മധ്യപൂർവ്വ ദേശത്ത് മാത്രമല്ല, മറിച്ച് എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളിലും ജമാഅത്തിനെ അക്രമത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.”

അപ്പോൾ ജേർണലിസ്റ്റ് ചോദിച്ചു:“ഇവിടെ കനഡയിലും?”

അമീറുൽ മുഅ്മിനീൻ പറഞ്ഞു: “മുസ്‌ലിം രാഷ്ട്രങ്ങളിൽ ഞങ്ങൾക്ക് പ്രോസിക്യൂഷൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതിനുകാരണം ഞങ്ങൾ വിശ്വസിക്കുന്നത് ഇസ്‌ലാംമതസ്ഥാപകരായ നബി(സ)തിരുമേനിയുടെ പ്രവചനങ്ങളനുസരിച്ച് അവസാന കാലത്ത് ഏതൊരാളാണോ പരിഷ്കർത്താവായി വരേണ്ടിയിരുന്നത് അദ്ദഹം മസീഹ് മൗഊദെന്നും മഹ്ദി എന്നുമുള്ള സ്ഥാനപ്പേരോടെ വന്നുകഴിഞ്ഞിരിക്കുന്നുവെന്നാണ്. അദ്ദേഹത്തിന്റെ പേര് മിർസാ ഗുലാം അഹ്മദ് ഖാദിയാനി എന്നാണ്. നബി(സ) തിരുമേനി ‘ഖാത്തമുന്നബിയ്യീൻ’ ആയതുകൊണ്ട് ആ മഹാത്മാവിനുശേഷം ഒരു നബിയും വരികയില്ലെന്ന് മറ്റു മുസ്‌ലീംകൾ പറയുന്നു. ഞങ്ങൾ തമ്മിലുള്ള വ്യത്യാസം വെറും ‘ഖാത്തമുന്നബിയ്യീൻ’ എന്നതിന്റെ വിശദീകരണത്തിലാണ്. ഞങ്ങൾ വിശ്വസിക്കുന്നത് പുതിയൊരു ന്യായപ്രമാണം ഇനി വരികയില്ലെന്നും ന്യായപ്രമാണ വാഹിയായ പ്രവാചകനും വരികയില്ലെന്നും എന്നാൽ, നബി(സ)തിരുമേനിയുടെ ന്യായപ്രമാണത്തേയും ആ മഹാത്മാവിന്റെ അധ്യാപനങ്ങളേയും ശരിവച്ചുകൊണ്ട് അദ്ദേഹത്തിന്റെ സമുദായത്തിൽനിന്ന് നബിക്ക് വരാവുന്നതാണെന്നുമാണ്. നബിതിരുമേനിക്ക് വിധേയനായും ഇസ്‌ലാമിക ശരീഅത്തിന് കീഴിലായുംകൊണ്ട് നബിക്ക് വരാവുന്നതാണ്. അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകരെ സംബന്ധിച്ചുള്ള ഞങ്ങളുടെ വിശ്വാസം, നബി(സ)തിരുമേനി 1400 വർഷം മുമ്പേ പ്രവചനം ചെയ്തിരുന്ന ആ വ്യക്തി ഇദ്ദേഹമാണെന്നാണ്. ആ പ്രവചനം പുലരേണ്ട കാലം ഇതുതന്നെയാണ്. ഇക്കാരണത്താൽ മറ്റു മുസ്‌ലിം കക്ഷികൾ ഞങ്ങളെ എതിർക്കുന്നു. പക്ഷേ, ആ എല്ലാ എതിർപ്പുകളുണ്ടായിട്ടും അസൽ കാര്യങ്ങൾ മനസ്സിലാക്കുന്നവരുണ്ട്. അവർക്ക് ഇക്കാര്യത്തെകുറിച്ച് ഗ്രാഹ്യമുണ്ട്. ഇമാം മഹ്ദിയുടേയും മസീഹിന്റേയും വരവിനെക്കുറിച്ച് നബി(സ)തിരുമേനി വിവരിച്ചിട്ടുള്ള എല്ലാ അടയാളങ്ങളും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നുവെന്നുള്ള ഞങ്ങളുടെ തെളിവുകൾ അവർ അംഗീകരിക്കുന്നവരാണ്. അത് കണ്ടിട്ട് ഇക്കൂട്ടർ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുകയുമാണ്. ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ മുസ്‌ലിംകളിൽനിന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.”

ജേർണലിസ്റ്റ് ചോദിച്ചു: “താങ്കളുടെ അഭിപ്രായത്തിൽ താങ്കളുടെ ജമാഅത്തും ക്രിസ്ത്യൻ കക്ഷി ഇവാഞ്ചലിക്കലും (Evangelical)തമ്മിൽ സാദൃശ്യമുണ്ടോ? അവരെപോലെ താങ്കളുടെ ജമാഅത്തിലും മിഷണറിമാരുണ്ടോ? നിങ്ങളും ബയ്അത്ത് കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ?”

അമീറുൽ മുഅ്മിനീൻ പറഞ്ഞു: “അവർക്ക് അവരുടേതായ മിഷൻ ഉണ്ട്. വ്യത്യാസമിതാണ്; താൻ ഇസ്രായീലിലെ കാണാതെപോയ ആടുകൾക്കുവേണ്ടിയാണ് വന്നതെന്ന് ഹദ്റത്ത് ഈസാ പറഞ്ഞിരുന്നു. ഇതനുസരിച്ച് ക്രൈസ്തവമതം ഒരു പരിമിതമായ മതമാണ്. ഹദ്റത്ത് ഈസ മുഴുലോകത്തിനുമായി വന്നുവെന്ന് ബൈബിളിനും വാദമില്ല. പക്ഷേ, വിശുദ്ധഖുർആൻ വാദിക്കുന്നത് നബി(സ)തിരുമേനി മുഴുലോകത്തിനും കാരുണ്യമായിട്ട്, റഹ്മത്തുല്ലിൽ ആലമീനായി അയക്കപ്പെട്ടുവെന്നാണ്. അതുകൊണ്ട് ക്രിസ്ത്യാനികൾ മുഴുലോകത്തും അവരുടെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നതു ശരിതന്നെ. ഇക്കാരണത്താൽ കുറച്ച് വിജയങ്ങളുമുണ്ടായേക്കാം. പക്ഷേ, ഇത് അവരുടെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ അല്ലെങ്കിൽ ബൈബിൾ അനുസരിച്ച് അവർക്ക് നിർബന്ധമുള്ള കാര്യമല്ല. പക്ഷേ, ഞങ്ങളുടെ അധ്യാപനങ്ങളിലും വിശുദ്ധഖുർആന്റെ വെളിച്ചത്തിലും ഇത് ഞങ്ങളുടെ നിർബന്ധമായ കടമളിൽപെട്ടതാണ്.”

ജേർണലിസ്റ്റ് ചോദിച്ചു: “പാശ്ചാത്യദേശത്ത് വസിക്കുന്ന ഞങ്ങളും ഇസ്‌ലാമിക ലോകത്തെ സംബന്ധിച്ച് അറിയാത്തവരാണ്. എങ്ങനെയാണ് ചില മുസ്‌ലിം കക്ഷികളിൽനിന്ന് വന്നുകൊണ്ടിരിക്കുന്ന ഭീകരവാദത്തെ മനസ്സിലാക്കേണ്ടത്. എങ്ങനെയാണ് അതിനെ നേരിടേണ്ടത്?”

അമീറുൽ മുഅ്മിനീൻ പറഞ്ഞു: “താങ്കൾ മുസ്‌ലീംകളിലെ ചില കക്ഷികൾ എന്നു പറഞ്ഞുകൊണ്ട് വളരെ ഉചിതമായ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. എന്റെ അഭിപ്രായമനുസരിച്ച്, അല്ലെങ്കിൽ ഞാൻ മനസ്സിലാക്കിയതനുസരിച്ച് ഭീകരവാദത്തിന് ഒരുപാട് കാരണങ്ങളുണ്ട്. അതെല്ലാം നമ്മൾ പരിഹരിക്കേണ്ടതാണ്. ഒരു കാരണം 2008ലെ സാമ്പത്തിക മാന്ദ്യത്തിനുശേഷം ലോകം മുഴുവനുമുണ്ടായ നമ്മൾ കണ്ട അസമാധാനമാണ്. ഈ അസാമാധാനം അറബ്ലോകത്തുനിന്നുമാണ് തുടങ്ങിയത്. അതിനെ അറബ് സ്പ്രിംഗ് എന്ന് പറയപ്പെട്ടു. അതിനുശേഷം കുറച്ച് മുസ്‌ലിം രാഷ്ട്രങ്ങളിൽ ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നവർ എന്ന പേരിൽ ഒരുപാട് സംഘങ്ങൾ ജന്മം കൊണ്ടു. നിങ്ങളുടെ ഭരണങ്ങളും നേതാക്കന്മാരും നിങ്ങളുടെ അവകാശങ്ങൾ ധ്വംസിച്ചുകൊണ്ടിരിക്കുന്നുവെന്നും നിങ്ങൾക്ക് നീതി നല്കുന്നില്ലായെന്നുമുള്ള മുദ്രാവാക്യമാണ് അവർ മുഴക്കിയത്. അതുകൊണ്ട് സാമ്പത്തിക മാന്ദ്യവും നേതാക്കളുടെ അനീതിയും മറ്റൊരുപാട് കാരണങ്ങളും കൊണ്ടാണ് ഈ തീവ്രവാദ ഗ്രൂപ്പുകൾ തങ്ങളുടെ സ്വാർഥപരമായ നേട്ടങ്ങൾക്ക് മുസ്‌ലിം ചെറുപ്പക്കാരെ തീവ്രവാദികളാക്കിയത്. ആർക്കാണോ സ്വാർഥ താൽപര്യമുണ്ടായിരുന്നത് അവർ ചെറുപ്പക്കാരെ റെഡിക്ലൈസ് (Radicalize) ചെയ്തു.” അമീറുൽ മുഅ്മിനീൻ പറഞ്ഞു:“എനിക്ക് കനഡയെ സംബന്ധിച്ചറിയില്ല. പക്ഷേ, 2008 ന് ശേഷം യു.കെയിൽ ഏകദേശം 3 മില്യൺ ആളുകൾ ഭക്ഷണരഹിതരായി. കുറച്ചുവർഷത്തിനുശേഷം അവിടെ സ്ഥിതി കുറച്ചു മെച്ചപ്പെട്ടു. തങ്ങളുടെ ജോലിയിൽ പരിചയമുള്ളവർക്ക് ജോലി കിട്ടി. പക്ഷേ, ഇപ്പോഴും 1.7ഓ, 1.8 ഓ മില്യൺ ആളുകൾ തൊഴിൽ രഹിതരാണ്. ഏറ്റവും വലിയ നഷ്ടമുണ്ടായത് യുവവിഭാഗങ്ങൾക്കാണെന്നാണ് പറയപ്പെടുന്നത്. ഇതും അവരെ ഭീകരവാദങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് ഒരു കാരണമായേക്കാം. ഈ ചെറുപ്പക്കാർ ഭീകരവാദികളായിക്കൊണ്ടിരിക്കുകയാണ്. ഐ.എസ്.ഐ.എസിലോ അതുപോലുള്ള മറ്റു ഗ്രൂപ്പുകളിലോ ചേർന്നുകൊണ്ടിരിക്കുന്നു. അവർ വൻതുകകൾ ആറായിരം ഏഴായിരം ഡോളറാണ് ഇവർക്ക് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ കുറച്ച് കുറവായിരിക്കാം. പക്ഷേ, ഈ തുക തങ്ങളുടെ നാട്ടിൽ സമ്പാദിക്കുന്നതിനേക്കാൾ കൂടുതലാണ്. ഇക്കാരണത്താലും ഈ ചെറുപ്പക്കാർ ഈ ഗ്രൂപ്പിൽ ചേർന്നുകൊണ്ടിരിക്കുന്നു.

(പേജ് 1ൽ നിന്ന്)

എഴുതിയിരിക്കുന്നു: ഒരു രാജാവിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ആയുസ് 15 ദിവസം മാത്രം അവശേഷിച്ചിരിക്കുന്നുവെന്ന് അക്കാലത്തെ നബി പ്രവചനം ചെയ്തിരുന്നു. എന്നാൽ, ആ രാജാവ് രാത്രി മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ആ നബിക്ക് വീണ്ടും ഇൽഹാമുണ്ടായി. നാം 15 ദിവസത്തെ 15 വർഷമാക്കി മാറ്റിയിരിക്കുന്നു. ഈ കഥ ഞാനെഴുതിയതുപോലെ നമ്മുടെ ഗ്രന്ഥങ്ങളിലും യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും ഗ്രന്ഥങ്ങളിലുണ്ട്. രാജാവിന്റെ ആയുസ്സിനെ സംബന്ധിച്ച് 15 ദിവസത്തിനുശേഷം മരിക്കുമെന്ന് പറഞ്ഞിരുന്ന ആ നബിയുടെ പ്രവചനം കളവായി പുലർന്നുവെന്ന് ഇപ്പോൾ നിങ്ങൾ പറയുമോ? ഇത് അല്ലാഹുവിന്റെ കാരുണ്യമാണ്. ശിക്ഷാപരമായ പ്രവചനങ്ങളിൽ കാലഹരണപ്പെടുത്തുന്നതിന്റെ പരമ്പര അവനിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു. എത്രത്തോളമെന്നാൽ, നരകത്തിൽ നിത്യവാസികളായിരിക്കുമെന്ന് വിശുദ്ധഖുർആൻ കാഫിറിനെക്കുറിച്ചു പറഞ്ഞിട്ടുള്ള സ്ഥലത്തും ഇല്ലാ മാശാഅ റബ്ബുക്ക ഇന്ന റബ്ബക്ക ഫഅ്ആലുലിമാ യുരീദ്(11:108) അതായത് അവിശ്വാസി നരകത്തിൽ നിത്യവാസിയായിരിക്കും. എന്നാൽ, നിന്റെ നാഥൻ ഉദ്ദേശിക്കുന്നവരൊഴിച്ച്. കാരണം നിന്റെ റബ്ബ് അവനുദ്ദേശിക്കുന്നതെന്തും ചെയ്യാൻ ശക്തനാണ്. പക്ഷേ, സ്വർഗവാസികൾക്കുവേണ്ടി അങ്ങനെ പറഞ്ഞില്ല. കാരണം അത് വാഗ്ദാനമാണ്. ശിക്ഷാപരമായ പ്രവചനമല്ല.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin